# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഒക്ടോബർ 12 | ദീപം 56 | നാളം 31 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




മാർ ജോസഫ് പള്ളിക്കാപറമ്പിൽ

വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ ഒരു സാധാരണമനുഷ്യനായിരുന്നു. വലിയകാര്യങ്ങളോ അസാധാരണമായ എന്തെങ്കിലുമോ അദ്ദേഹം ഈ ലോകത്തിൽ നിർവഹിച്ചിട്ടില്ല. എന്തെങ്കിലും ചെയ്തതാകട്ടെ, ലോകം തിരസ്കരിച്ച ഒരുപറ്റം മനുഷ്യരുടെ ഉന്നമനത്തിനുവേണ്ടിയും. കർത്താവിന്റെ പ്രതിപുരുഷനായി നൂറു ശതമാനവും സത്യസന്ധതയോടും വിശ്വസ്തതയോടുംകൂടി പ്രവർത്തിച്ചിരുന്ന ഒരു പുണ്യപുരോഹിതനായിരുന്നു അദ്ദേഹം. ജാതീയമായ വേർതിരിവുകളാൽ സമൂഹം വെറുത്തുപേക്ഷിച്ചവരെത്തേടിയായിരുന്നു എന്നും അദ്ദേഹത്തിന്റെ യാത്ര. അവർക്കുവേണ്ടി അദ്ദേഹം നിരന്തരം പോരാടി. ഒരർഥത്തിൽ, സാമൂഹികപരിഷ്കർത്താവായിരുന്നു കുഞ്ഞച്ചൻ.

രാമപുരത്തും സമീപപ്രദേശങ്ങളിലുമുള്ള ദളിത്മക്കളുടെ ക്ഷേമത്തിനായി അദ്ദേഹം എപ്പോഴും ഉത്സുകനായിരുന്നു. ആ സംലഭ്യതയായിരുന്നു അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനത്തെ



## ദൈവത്തിന്റെ കൈയൊപ്പുള്ള

# കുഞ്ഞച്ചൻ

**ഒക്ടോബർ 16 വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ**

വ്യത്യസ്തമാക്കിയതും. കടനാടുപള്ളിയിലെ അസിസ്റ്റന്റ് വികാരിയായി വളരെ കുറച്ചുമാസങ്ങൾ സേവനമനുഷ്ഠിച്ചതൊഴിച്ചാൽ പൗരോഹിത്യജീവിതത്തിൽ മറ്റു സ്ഥാനങ്ങളോ പദവികളോ ഒന്നും അദ്ദേഹത്തിനു വഹിക്കാനായില്ല. രോഗപീഡകൾ അദ്ദേഹത്തെ പലപ്പോഴും അലട്ടിയിരുന്നതുകൊണ്ടു സ്വന്തം നാടായ രാമപുരത്തേക്ക് വിശ്രമാർഥം തിരിച്ചുപോരേണ്ടിവന്നു. പിന്നീട് അദ്ദേഹം കണ്ടെത്തിയ ഒരു പ്രേഷിതഭൂമിയാണ് രാമപുരത്തും പരിസരങ്ങളിലുമുള്ള ദളിത്ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ.

▸12



# മഹാദുരന്തം അകലെയല്ല

## മുല്ലപ്പെരിയാർ മുത്തശ്ശിക്ക് 128

ഒക്ടോബർ പത്ത് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ 129-ാം ജന്മദിനം.

മദ്രാസ് പ്രസിഡൻസിയിലെ ഉണങ്ങിവരണ്ട പ്രദേശങ്ങളിൽ കൃഷിയാവശ്യത്തിന് വെള്ളമെത്തിക്കുന്നതിന് ബ്രിട്ടീഷ് സർക്കാർ രൂപംകൊടുത്ത മുല്ലപ്പെരിയാർ ജലസേചനപദ്ധതിയുടെ ഭാഗമായിരുന്നു അണക്കെട്ട്.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ വിശാഖം തിരുനാൾ രാമവർമയ്ക്കുവേണ്ടി ദിവാൻ വി രാമയ്യങ്കാറും മദ്രാസ് പ്രസിഡൻസിയുടെ ഗവർണർ വെൻലോക് പ്രഭുവിനുവേണ്ടി അദ്ദേഹത്തിന്റെ സെക്രട്ടറിയും ഒപ്പിട്ട 999 വർഷം നീളുന്ന പെരിയാർ ലീസ് എഗ്രിമെന്റ് പ്രകാരമായിരുന്നു ജലസേചനപദ്ധതി നടപ്പാക്കിയത്.

1886 ഒക്ടോബർ 29 ലെ കരാർപ്രകാരം വെള്ളം കയറി മുടിപ്പോകുന്ന 8,000 ഏക്കർ വനഭൂമിക്ക് ഏക്കറിന് 5 രൂപ നിരക്കിൽ തിരുവിതാംകൂറിന് പ്രതിവർഷം 40,000 രൂപ പാട്ടത്തുകയും നിശ്ചയിച്ചു. അണക്കെട്ടു നില്ക്കുന്ന സ്ഥലത്തിനു ചുറ്റുമുള്ള 100 ഏക്കർ സ്ഥലം മദ്രാസ് പ്രസിഡൻസിക്കു വിട്ടുനൽകണമെന്നും പാട്ടക്കരാറിൽ വ്യവസ്ഥയുണ്ടായിരുന്നു.

പദ്ധതി പൂർത്തിയാകുമ്പോൾ വെള്ളത്തിനടിയിലാകുന്ന നിബിഡവനത്തെയും, അവിടെനിന്നു നിഷ്കാസിതരാകുന്ന ആദിവാസികളെയും, നശിച്ചുപോയേക്കാവുന്ന ജീവജാലങ്ങളെയും ഓർത്ത് മഹാരാജാവ് അതീവദുഃഖിതനായിരുന്നുവെന്നു തിരുവിതാംകൂറിന്റെ ചരിത്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ദുഷ്ടലാക്കോടെ തയ്യാറാക്കിയ പാട്ടക്കരാറുമായി കവടിയാർ കൊട്ടാരത്തിലെത്തി മഹാരാജാവിനെ മുഖം കാണിച്ചിരുന്ന ബ്രിട്ടീഷുദ്യോഗസ്ഥർ ഒടുവിൽ ഭീഷണിയുടെ സ്വരമുയർത്തിയതിനാലാകാം കരാറിലൊപ്പിടാൻ മഹാരാജാവ് സമ്മതം മൂളിയതെന്നു കരുതപ്പെടുന്നു.

തിരുവിതാംകൂറിന്റെ ഭാഗത്തുള്ള സഹ്യപർവതത്തിൽ ഉദ്ഭവിച്ചു വടക്കോട്ടൊഴുകിയിരുന്ന മുല്ലയാറിനെയും പെരിയാറിനെയും തടഞ്ഞുനിർത്തിയായിരുന്നു അണക്കെട്ടിന്റെ നിർമാണം. ബ്രിട്ടീഷ് സർക്കാരിന്റെ എഞ്ചിനീയറിങ് വിദഗ്ധനായിരുന്ന കേണൽ ജോൺ പെന്നിക്വിക്ക് അണക്കെട്ടിന്റെ നിർമാണത്തിനു മേൽനോട്ടം വഹിച്ചു. ഒൻപതുവർഷംകൊണ്ടു നിർമാണം പൂർത്തിയാക്കിയ മുല്ലപ്പെരിയാർ അണക്കെട്ട് 1895 ഒക്ടോബർ 10 ാം തീയതി ഔപചാരികമായി കമ്മീഷൻ ചെയ്തു.



തോമസ് കുഴിഞ്ഞാലിൽ

### കൽക്കെട്ടായി മാറിയ ഒരു അണക്കെട്ട്

മുല്ലപ്പെരിയാർ അണക്കെട്ട് അപകടസ്ഥിതിയിലാണെന്ന അമേരിക്കൻ പത്രമായ ന്യൂയോർക്ക് ടൈംസിന്റെ റിപ്പോർട്ടാണ് ഈ വിഷയത്തെക്കുറിച്ച് വീണ്ടും എഴുതാൻ പ്രേരണയായത്. രാജ്യത്തെ ഏറ്റവും പഴക്കം ചെന്ന അണക്കെട്ടുകളിലൊന്നായ മുല്ലപ്പെരിയാർ ഡാം, നിർമാണസാമഗ്രികളുടെ ശോഷണംമൂലം ഒരു കൽക്കെട്ടുമാത്രമായി മാറിയെന്ന് ന്യൂയോർക്ക് ടൈംസിലെ ലേഖനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സിമിന്റുചേർത്ത കോൺക്രീറ്റിന്റെ ഉപയോഗം പ്രചാരത്തിലില്ലാതിരുന്ന കാലത്ത് ഇഷ്ടികപ്പൊടിയും മണലും ചുണ്ണാമ്പും ശർക്കരയും ചേർത്തുണ്ടാക്കിയ മിശ്രിതം ചൂടാക്കി പശരൂപത്തിലാക്കുന്ന സുർക്കി മിശ്രിതത്തിൽ പാറക്കല്ലുകളുറപ്പിച്ചായിരുന്നു അണക്കെട്ടിന്റെ നിർമാണം. നിർമാണവസ്തുക്കളുടെ ഭാരംകൊണ്ടു മാത്രം നിലത്തുറച്ചിരിക്കുന്ന ഒരു ഗ്രാവിറ്റി ഡാമാണിത്. കാലപ്പഴക്കത്താലും നിർമാണഘട്ടംമുതലുള്ള ചോർച്ചകളാലും സുർക്കിമിശ്രിതത്തിന്റെ സിംഹഭാഗവും ഒലിച്ചുപോയതായി പരിശോധനകളിൽ തെളിഞ്ഞിട്ടുള്ളതാണ്.

▸8

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



# സെന്റ് പോൾസ് ബോയ്സ് ഹോസ്റ്റൽ

## രാമപുരം

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടട്ടെ എന്ന പ്രാർത്ഥനാശംസകളോടെ



Mother Superior & Community

# CARMELITE CONVENT

RAMAPURAM Ph: 04822-260357

Headmistress, Staff & Students

**S.H. GIRLS HIGH SCHOOL** RAMAPURAM Ph: 04822-260761

---



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന് ഞങ്ങളുടെ പ്രാർത്ഥനാമഞ്ജരികൾ

Mother Superior & Community

# FRANCISCAN SISTERS OF HOLY ANNUNCIATION (F.S.H.A.)

(മംഗലവാർത്തയുടെ ഫ്രാൻസിസ്കൻ സഹോദരികൾ)

ഐങ്കൊമ്പ് · പറത്താനം · തങ്കമണി

---



രാമപുരത്തിന്റെ വിശുദ്ധപുഷ്പം വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരപൂർവ്വം

Mother Superior & Community

# MOUNT CARMEL CONVENT (C.M.C)

RAMAPURAM Ph: 04822 - 263399

WARDEN & STUDENTS

**CARMEL JYOTHI GIRLS HOSTEL** RAMAPURAM Ph: 04822-262336

---



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Mother Superior & Community


# S.H. CONVENT

VELLILAPPALLY, RAMAPURAM

Ph: 04822-260276

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന് ഒരായിരം നന്ദി. പ്രാർത്ഥനാപൂർവം



# ഏലിക്കുട്ടി റോക്കി & ഫാമിലി

## വിച്ചാട്ട്, വെള്ളിലാപ്പള്ളി, രാമപുരം

മക്കൾ: റെയ്ന & സുനിൽ (U.S.A.), രഞ്ജിത്ത് & വീണ (ഖത്തർ)

കൊച്ചുമക്കൾ : നേഹ, നോറ, നേത്തൻ, മിറിയം

# നാടിന്റെ വിശപ്പകറ്റിയ വിശ്വപൗരൻ

## ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ പിതാവും വിഖ്യാത കൃഷിശാസ്ത്രജ്ഞനുമായ, അന്തരിച്ച ഡോ. എം. എസ്. സ്വാമിനാഥനെ ഓർമിക്കുമ്പോൾ



മാത്യു എം. കുര്യാക്കോസ്

വിശപ്പും ദാരിദ്ര്യവുമില്ലാത്ത ഒരിന്ത്യയ്ക്കുവേണ്ടി മാത്രമല്ല, വിശക്കാത്ത ഒരു ലോകത്തിനുവേണ്ടിക്കൂടി പ്രയത്നിച്ച വിശ്വപൗരനായിരുന്നു ഡോ. എം.എസ്. സ്വാമിനാഥൻ. സ്വന്തം രാജ്യത്തിനുവേണ്ടി താൻ ചെറുപ്പത്തിൽക്കണ്ട സ്വപ്നം യാഥാർഥ്യമാക്കിയതിന്റെ ചാരിതാർഥ്യത്തോടെയാണ് ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന പത്മശ്രീ എം.എസ്. സ്വാമിനാഥൻ അരങ്ങൊഴിയുന്നത്. 'രാജ്യങ്ങളുടെ മുന്നോട്ടുള്ള ഭാവി നിർണയിക്കുന്നത് എത്ര ആയുധങ്ങൾ കൈവശമുണ്ട് എന്നതിലല്ല; എത്രമാത്രം ധാന്യങ്ങൾ കൈവശമുണ്ട് എന്നതിലാണ്' എന്ന സ്വാമിനാഥവാക്കുകൾ അന്തരീക്ഷത്തിൽ ഇപ്പോഴും അലയടിക്കുന്നുണ്ട്. വർത്തമാനകാലഭരണകൂടങ്ങളുടെ മസ്തിഷ്കത്തിൽ ഈ വാക്കുകൾ ഒരുണർവുണ്ടാക്കിയിരുന്നെങ്കിലെന്ന് ആശിച്ചുപോകുന്നു...!

**ജനനം, വിദ്യാഭ്യാസം, കരിയർ**

ഇരുപതാം നൂറ്റാണ്ടിൽ ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഇരുപതുപേരുടെ പട്ടിക 1999 ൽ ടൈം മാഗസിൻ പ്രസിദ്ധീകരിച്ചപ്പോൾ ഇന്ത്യയിൽനിന്ന് മൂന്നു പേരുകളാണ് ഉണ്ടായിരുന്നത്. അതിൽ മഹാത്മാഗാന്ധിക്കും ടാഗോറിനുമൊപ്പം ഡോ. എം.എസ്. സ്വാമിനാഥനും ഉണ്ടായിരുന്നുവെന്നത് മലയാളിക്ക് ഒരു സ്വകാര്യ അഹങ്കാരമാണ്. കാരണം, ആലപ്പുഴജില്ലയിലെ കുട്ടനാട് താലൂക്കിൽ മങ്കൊമ്പ് എന്ന സ്ഥലത്താണ് സ്വാമിനാഥന്റെ പിതൃഭവനം. എന്നാൽ, സ്വാമിനാഥന്റെ ജനനവും പ്രാഥമികവിദ്യാഭ്യാസവും തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയിൽ കുംഭകോണത്തായിരുന്നു. ഡോക്ടറായിരുന്ന പിതാവ് എം.കെ. സാംബശിവന്റെയും മാതാവ് പാർവതി തങ്കമ്മാളിന്റെയും രണ്ടാമത്തെ പുത്രനായി 1925 ഓഗസ്റ്റ് ഏഴിന് ജനനം. പത്താംക്ലാസ് പഠനം കഴിഞ്ഞ് കുംഭകോണത്തുനിന്ന് 1940 ൽ തിരുവനന്തപുരം മഹാരാജാസ് കോളജിൽ (ഇന്നത്തെ യൂണിവേഴ്സിറ്റി കോളജ്) വന്ന് ജന്തുശാസ്ത്രത്തിൽ ബിരുദം നേടി. സ്വാമിനാഥനെ ഒരു ഡോക്ടറാക്കണമെന്നായിരുന്നു രക്ഷാകർത്താക്കളുടെ മോഹം. എന്നാൽ, 1943 ൽ മുപ്പതുലക്ഷത്തോളം മനുഷ്യരുടെ പട്ടിണിമരണത്തിനുകാരണമായ ബംഗാൾക്ഷാമം സ്വാമിനാഥനെ ഒരു കൃഷിശാസ്ത്രജ്ഞനാകാൻ പ്രേരിപ്പിച്ചു. കോയമ്പത്തൂർ കാർഷികകോളജ് (ഇന്നത്തെ കാർഷികയൂണിവേഴ്സിറ്റി), ഇന്ത്യൻ കാർഷികഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ തുടർപഠനം. ഇക്കാലത്ത് ഐ.പി.എസ്. ലഭിച്ചുവെങ്കിലും യുനെസ്കോ സ്കോളർഷിപ്പിൽ ഉപരിപഠനത്തിനായി ഹോളണ്ടിൽ പോകാനായിരുന്നു യുവശാസ്ത്രജ്ഞന്റെ തീരുമാനം. പിന്നീട്, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കി. അമേരിക്കയിലെ വിസ്കോൺസിൻ യൂണിവേഴ്സിറ്റിയിൽ ഉപരിഗവേഷണം നടത്തുന്ന സമയത്ത് സമർഥനായ യുവശാസ്ത്രജ്ഞന് അവിടെത്തന്നെ അധ്യാപകനാകാനുള്ള ക്ഷണം യൂണിവേഴ്സിറ്റി വച്ചുനീട്ടിയെങ്കിലും സ്വാമിനാഥൻ അതു നിരസിച്ചു.

ഇന്ത്യയിലെ പട്ടിണിപ്പാവങ്ങളുടെ മുഖം മനസ്സിൽ മായാതെ സൂക്ഷിച്ച സ്വാമിനാഥൻ 1954 ൽ ഇന്ത്യയിൽ തിരിച്ചെത്തി, കട്ടക്കിലെ നെല്ലുഗവേഷണകേന്ദ്രത്തിൽ ചേർന്നു. ഇന്ത്യയിലെ പട്ടിണിമാറ്റാനുള്ള യജ്ഞത്തിന്റെ തയ്യാറെടുപ്പുമാത്രമാണ് വിദേശങ്ങളിലെ തന്റെ പഠനം എന്നു പറഞ്ഞ്, ലഭിക്കുമായിരുന്ന സൗഭാഗ്യങ്ങളുപേക്ഷിച്ച് ഇന്ത്യയിൽ സേവനം ചെയ്യാൻ തയ്യാറായ സ്വാമിനാഥൻ, വർത്തമാനകാലത്ത് വിദേശങ്ങളിൽ ഒരു കരിയർ പടുത്തുയർത്താൻ കഠിനമായി ശ്രമിക്കുന്ന ബുദ്ധിജീവികൾക്ക് ഒരപവാദവും ഒരുത്തമമാതൃകയുമാണ്. 1955 ൽ ഡൽഹിയിലെ ഇന്ത്യൻ അഗ്രിക്കൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്(ഐ.എ.ആർ.ഐ.) പ്രൊഫസറായും ഗവേഷകനായും പിന്നീട് 1966 മുതൽ 1972 വരെ അതേ സ്ഥാപനത്തിന്റെ ഡയറക്ടറായും സേവനമനുഷ്ഠിച്ചു. ഈ കാലയളവിലാണ് ഇന്ത്യയിൽ ഹരിതവിപ്ലവം പൂത്തുലയുന്നത്. 1968 ൽ ഇന്ത്യാഗവൺമെന്റ് പുറത്തിറക്കിയ സ്പെഷ്യൽ സ്റ്റാമ്പ് ഇതിനു നിദർശനമാണ്. പിന്നീട് 1972 മുതൽ 1979 വരെ ഇന്ത്യൻ കാർഷികഗവേഷണ കൗൺസിൽ(ഐ.സി.എ.ആർ.) ഡയറക്ടറായിരുന്നു. 1979 – 80 കാലഘട്ടത്തിൽ കേന്ദ്ര പ്രിൻസിപ്പൽ സെക്രട്ടറി, 1980–82 കാലഘട്ടത്തിൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ, 1982 –88 കാലഘട്ടംവരെ മനിലയിലെ പ്രശസ്തമായ അന്താരാഷ്ട്ര നെല്ലുഗവേഷണകേന്ദ്രത്തിന്റെ (ഐ.ആർ.ആർ.ഐ.) ഡയറക്ടർ ജനറൽ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. 1984–90 കാലഘട്ടങ്ങളിൽ ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ ആന്റ് നാച്വറൽ റിസോഴ്സസ് എന്ന സംഘടനയുടെ പ്രസിഡന്റുമായിരുന്നു.



**ഹരിതവിപ്ലവവിസ്ഫോടനം**

ഹരിതവിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന നോർമൻ ഏണസ്റ്റ് ബോർലോഗ് 1956 കളിൽ മെക്സിക്കോയിൽ ഗോതമ്പിന്റെ ഗുണമേന്മയേറിയ കുള്ളൻ സങ്കരവിത്തിനം (സൊണോറ 64) കണ്ടുപിടിച്ചു പ്രചരിപ്പിക്കുന്ന സമയം. ഇന്ത്യയുടെ പട്ടിണിക്കുള്ള മറുപടി ഈ കണ്ടുപിടിത്തമാണെന്നു തിരിച്ചറിഞ്ഞ സ്വാമിനാഥൻ ബോർലോഗിനെ ഇന്ത്യയിലേക്കു ക്ഷണിച്ചു. ബോർലോഗുമായുള്ള സൗഹൃദവും ഇന്ത്യൻ കാലാവസ്ഥയ്ക്കനുയോജ്യമായ രീതിയിൽ ഈ വിത്തിനത്തിനു മ്യൂട്ടേഷൻ ബ്രീഡിങ്ങ്വഴി രൂപാന്തരം വരുത്താനുള്ള സ്വാമിനാഥന്റെ വിജയവുമാണ് ഇന്ത്യൻ ഹരിതവിപ്ലവത്തിനു തുടക്കം കുറിച്ചത്. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ പൂർണപിന്തുണയും സഹായകമായി. പരമ്പരാഗതകൃഷി പിന്തുടർന്നിരുന്ന കർഷകർക്കു സങ്കരയിനം വിത്തുകളുടെ ഉപയോഗവും രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും പ്രയോഗവും നൂതന ജലസേചനസംവിധാനങ്ങളും ആദ്യഘട്ടത്തിൽ സ്വീകാര്യമായിരുന്നില്ല. കൂടാതെ, ചെലവു കൂടുതലും.

എന്നാൽ, സ്വാമിനാഥന്റെ പരീക്ഷണപ്ലോട്ടുകളിലെ വിളവിൽ വിസ്മയം പൂണ്ട പഞ്ചാബിലെയും ഹരിയാനയിലെയും കർഷകർ തങ്ങളുടെ വയലുകളിൽ ഷർബതി സൊണോറ എന്ന പുതിയ സങ്കരയിനം വിത്തുപയോഗിച്ചു കൃഷി ചെയ്യാൻ തയ്യാറായി. നവീന ജലസേചനമാർഗങ്ങളും രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗവും അപ്രതീക്ഷിതമായ അളവിലുള്ള ധാന്യോത്പാദനത്തിനു കാരണമായി. ഹെക്ടറിൽ വെറും അഞ്ഞൂറ്റിനാല്പതു കിലോ ഉത്പാദനനിരക്ക് എന്നത് മൂവായിരംമുതൽ അയ്യായിരത്തിലുമധികമാകാൻ തുടങ്ങി. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളും നൂതനരീതിയിലേക്കു ചുവടുമാറിയപ്പോൾ 1971 ൽ വികസിതരാജ്യങ്ങൾക്കൊപ്പം ആദ്യമായി ഇന്ത്യ ഭക്ഷ്യസ്വയംപര്യാപ്തതയിലെത്തിച്ചേർന്നു! വിദേശങ്ങളിൽനിന്നു തുറമുഖത്തെത്തിച്ചേർന്നിരുന്ന കപ്പലിൽനോക്കിമാത്രം പട്ടിണിമാറ്റിയിരുന്ന ഇന്ത്യയ്ക്ക് ഇന്ത്യൻകരയിൽത്തന്നെ സ്വാമിനാഥനെന്ന കപ്പിത്താനെ നോക്കി വിശപ്പകറ്റാമെന്ന സ്വപ്നതുല്യമായ നേട്ടത്തിലേക്കെത്താൻ സാധിച്ചു. അങ്ങനെ, ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ നായകനായി എം.എസ്. സ്വാമിനാഥൻ. അവിടംകൊണ്ടും സ്വാമിനാഥൻ വിശ്രമിച്ചില്ല. പാക്കിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ ഏഷ്യൻരാജ്യങ്ങളിലേക്കും ഹരിതവിപ്ലവാശയം പകർന്നുനൽകി ലോകത്തിന്റെ മുഴുവൻ വിശപ്പകറ്റാനുള്ള യത്നത്തിനായി പരിശ്രമിച്ചുകൊണ്ടേയിരുന്നു.




1970 ൽ ഹരിതവിപ്ലവത്തിന്റെ പിതാവായ നോർമൻ ബോർലോഗിനു സമാധാനത്തിനുള്ള നൊബേൽപ്രൈസ് സമ്മാനിക്കപ്പെട്ടപ്പോൾ തനിക്കീ സമ്മാനംകിട്ടാനുള്ള മുഖ്യകാരണം തന്റെ ആശയം ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും പ്രയോഗത്തിൽ വരുത്തി വിജയിപ്പിച്ച ഡോ. സ്വാമിനാഥന്റെ അധ്വാനത്തിന്റെയും കൂടി ഫലമാണെന്ന് അനുസ്മരിച്ചത് ഇന്ത്യയ്ക്ക് അഭിമാനമായി. മാത്രമല്ല, സമ്മാനത്തുകകൊണ്ടു ബോർലോഗ് ഏർപ്പെടുത്തിയ വേൾഡ് ഫുഡ് പ്രൈസിന് 1987 ൽ ആദ്യമായി അർഹനായത് ഡോ. എം.എസ്. സ്വാമിനാഥനായിരുന്നു. നൊബേൽ സമ്മാനത്തോളംതന്നെ പ്രശസ്തമായ വേൾഡ് ഫുഡ് പ്രൈസിന്റെ മുഴുവൻ സമ്മാനത്തുകയും (2,50,000 ഡോളർ) ഭക്ഷ്യസുരക്ഷയ്ക്കും ജൈവസംരക്ഷണത്തിനും സുസ്ഥിരവികസനത്തിനുംവേണ്ടിയുള്ള ഒരു ട്രസ്റ്റ് സ്ഥാപിക്കാൻ വിനിയോഗിച്ചു. ഹെഡ്ക്വാർട്ടേഴ്സ് ചെന്നൈയിലും, ഒറീസ്സയിലും കേരളത്തിലും ഓഫീസുകളുമുള്ള എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എം.എസ്.എസ്.ആർ.എഫ്.) അങ്ങനെ 1988 ൽ നിലവിൽവന്നു.

**നിത്യഹരിതവിപ്ലവം**

കാലം പിന്നിട്ടപ്പോൾ, മനുഷ്യന്റെ പട്ടിണി മാറിയെങ്കിലും ഹരിതവിപ്ലവത്തിന്റെ പാർശ്വഫലങ്ങൾ മണ്ണിലും അന്തരീക്ഷത്തിലും ജൈവസംവിധാനങ്ങളിലും ആശാസ്യമല്ലാത്ത അടയാളങ്ങൾ കാണിച്ചുതുടങ്ങി. പ്രത്യേകിച്ച്, അമിതമായ രാസവള, രാസകീടനാശിനിപ്രയോഗങ്ങളും തനതു സ്വദേശീയവിത്തുകളുടെ ഉന്മൂലനവും പുതിയ പരിസ്ഥിതിപ്രശ്നങ്ങൾക്കു തുടക്കമിട്ടു.

ശേഷം 14-ാം പേജിൽ

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

# സമയം എന്ന വിസ്മയം



ജോർജ് പുല്ലാട്ട്

എന്തെങ്കിലുമൊക്കെ എഴുതിത്തുടങ്ങുമ്പോൾ ഏതൊരെഴുത്തുകാരനും എഴുതാൻ പോകുന്നതിനെപ്പറ്റി ഏതാണ്ടൊരു രൂപം ഉള്ളിലുണ്ടാകും. എഴുതിവരുമ്പോൾ മാറ്റങ്ങൾ വന്നേക്കാം, ഒട്ടും വിചാരിക്കാത്ത വഴിയിലൂടെ എഴുത്തങ്ങു പോയെന്നുംവരാം.

എഴുതിത്തുടങ്ങുമ്പോൾ വിചാരിച്ചതൊന്നുമല്ല എഴുതിത്തീർത്തത്, എഴുതാനാഗ്രഹിച്ചതൊന്നും എഴുതാതെ വേറെന്തോ എഴുതി... എന്നൊക്കെയും എഴുത്തിൽ സംഭവിക്കാം. എഴുത്തുകാർക്കെല്ലാം ഇത്തരം അനുഭവങ്ങൾ ഉണ്ടാകും.

'ഒരു കഥയെഴുതുമ്പോൾ, സംഭാഷണങ്ങൾ ഉൾപ്പെടെ പൂർണ്ണരൂപം മനസ്സിൽ എഴുതിയിട്ടേ എഴുതാനിരിക്കാറുള്ളൂ' എന്നു മലയാളത്തിലെ എഴുത്തുകാരുടെ പെരുന്തച്ചൻ എം. ടി. പറഞ്ഞിട്ടുണ്ട്.

പക്ഷേ, എല്ലാ എഴുത്തുകാർക്കും അതു കഴിയുമെന്നു തോന്നുന്നില്ല. എം. ടി. തന്നെ അങ്ങനെ പറഞ്ഞതു നൂറു ശതമാനം ശരിയാകണമെന്നുമില്ല. കാരണം, എഴുത്തുകാരൻ ഉദ്ദേശിക്കാത്ത വഴികളിലൂടെ ചിലപ്പോൾ എഴുത്തു പോകുമെന്ന് ഒട്ടുമിക്ക എഴുത്തുകാർക്കും അനുഭവമുണ്ടാകും.

മനോഹരമായ ഒരു പദപ്രയോഗം, ഒരു വാക്ക്, ഒരു സംഭവം, കഥയിലൊരു അപ്രതീക്ഷിതവഴിത്തിരിവ്, ഇതൊക്കെ എഴുത്തിൽ സംഭവിക്കാറുണ്ട്.

ന്യൂഡൽഹി സിനിമയിലെ ക്ലൈമാക്സ് രംഗം, (സുമലത ദേവനെ വെടിവയ്ക്കുന്ന രംഗം) നേരത്തേ എഴുതിവച്ചതുമായി ഒരു ബന്ധവുമില്ലാത്ത ഒന്നായി ഷൂട്ടിങ് ലൊക്കേഷനിൽവച്ച് പെട്ടെന്നുണ്ടായതാണെന്ന് നടൻ ദേവൻ ഒരു അഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട്. ആ പടത്തിലെ ഏറ്റവും ഉദ്വേഗമുണർത്തിയ ദൃശ്യവും അതുതന്നെ.

എഴുത്ത് ചിലപ്പോഴൊക്കെ തനിയെ രൂപപ്പെടുന്നതാണ് എന്നർഥം. എഴുത്തുകാരിയാകാൻ ആഗ്രഹിക്കുകയോ അതിനായി പരിശ്രമിക്കുകയോ ചെയ്തിട്ടില്ലാത്ത ഒരാൾ പെട്ടെന്നൊരുനാൾ എഴുതാൻ തുടങ്ങുക, എഴുത്തിൽ ചരിത്രം സൃഷ്ടിക്കുക, പുസ്തകമിറങ്ങിയ ദിവസംതന്നെ, അച്ചടിച്ച ലക്ഷക്കണക്കിനു കോപ്പികൾ വിറ്റുപോകുക, മുഴുവൻ കോപ്പികളും ആദ്യദിവസം തീരുക, ഒരു പുസ്തകം വാങ്ങാൻ ജനങ്ങൾ തെരുവിൽ ക്യൂ നിൽക്കുക, എഴുത്തുകാർക്കിടയിൽ ഇന്നേവരെ ആർക്കും കഴിയാത്തത്ര സമ്പത്ത് എഴുത്തുവഴി സ്വന്തമാക്കുക എന്നൊക്കെ പറയുമ്പോൾ എഴുത്തിനെപ്പറ്റി നാം ഇന്നുവരെ കരുതിവച്ചതിനും കേട്ടതിനുമൊന്നും വലിയ കഴമ്പില്ല എന്നല്ലേ അർഥം? ജെ.കെ. റൗളിങ്ങിന്റെ കാര്യമാണ്, അവർ സൃഷ്ടിച്ച ഹാരി പോട്ടറിന്റെ കാര്യമാണു പറഞ്ഞത്.

'ഒരു സങ്കീർത്തനംപോലെ' എന്ന നോവൽ എഴുതുമ്പോൾ ഒരു പാതിരാനേരത്ത്, ഡോസ്റ്റെയെവ്സ്കിയുടെ ജീവിതത്തിലെ വികാരവിക്ഷുബ്ധമായ രംഗങ്ങൾ മനസ്സിൽക്കണ്ട് എഴുതുന്നതിനിടെ കിട്ടിയ ഒരു വെളിപാടാണ് 'ഹൃദയത്തിനുമേൽ ദൈവത്തിന്റെ കയ്യൊപ്പുള്ളവൻ' എന്ന വിശേഷണം എന്നു പെരുമ്പടവം ശ്രീധരൻ ഏറ്റുപറഞ്ഞിട്ടുണ്ട്. മിന്നൽപ്പിണർപോലെ പെട്ടെന്ന് വീണുകിട്ടിയ ആ വാക്കുകൾ എഴുതിക്കഴിഞ്ഞ് അതിന്റെ ഉന്മാദലഹരിയിൽ ഏറെനേരം എങ്ങലടിച്ചു കരഞ്ഞുവെന്നും അദ്ദേഹം കുമ്പസാരിച്ചിട്ടുണ്ട്.

സത്യത്തിൽ, 'സമയം എന്ന വിസ്മയം' എന്ന തലക്കെട്ട് കുറിച്ചിട്ട്, ഉദ്ദേശിച്ച കാര്യവുമായി വലിയ ബന്ധമില്ലാത്ത 'എഴുത്ത്' എന്ന വിഷയത്തിലേക്ക്' ഈ എഴുത്ത് പോയതെങ്ങനെയെന്നാണ് ഞാനിപ്പോൾ ആലോചിക്കുന്നത്. ഇങ്ങനെ എഴുതാൻവേണ്ടി ഞാൻ ബോധപൂർവം ഈ എഴുത്തുവണ്ടി വഴിതിരിച്ചു വിട്ടതല്ല.

സമയം എന്ന വിസ്മയം. അതാണു വിഷയം.

ഓരോ സമയത്ത് ഓരോന്നു സംഭവിക്കുകയാണല്ലോ. 'എല്ലാത്തിനും ഒരു സമയമുണ്ട്' എന്നത് വെറുമൊരു സിനിമാ ഡയലോഗായി കാണേണ്ടതല്ല. അതൊരു ശുദ്ധ നിത്യസത്യമാണ്. വിതയ്ക്കാനൊരു സമയം, പൂവിടാനും കായ്ക്കാനും വിളവെടുക്കാനുമൊക്കെ ഓരോ സമയമുണ്ട്.

'ഉത്കണ്ഠകൊണ്ട് ആയുസ്സിന് ഒരു മുഴം കൂട്ടാൻ നിങ്ങളിലാർക്കു കഴിയും' എന്ന് യേശു ചോദിക്കുമ്പോൾ, ദൈവം ഓരോരുത്തർക്കും ഭൂമിയിൽ അനുവദിച്ചിരിക്കുന്ന അജ്ഞാതമായ സമയത്തിന്റെ സൂചനയാണല്ലോ.

വിലകൊടുത്തു വാങ്ങാൻ കിട്ടാത്ത രണ്ട് അമൂല്യരത്നങ്ങളുണ്ട്: സമയവും സമാധാനവും. ദൈവം അനുവദിച്ചിരിക്കുന്ന സമയത്തിനപ്പുറം ഒരു നിമിഷംപോലും വാങ്ങാനോ കടമെടുക്കാനോ കവർന്നെടുക്കാനോ ആർക്കും കഴിയില്ല. അനുവദിച്ചിരിക്കുന്ന സമയം എത്രയുണ്ടെന്ന് ആർക്കുമറിയില്ല എന്നതാണ്, അഥവാ ആയുസ്സിന്റെ അനിശ്ചിതത്വമാണ്, ജീവിതത്തെ ആസ്വാദ്യമാക്കുന്നത്.

സത്യത്തിൽ, എന്നാണു മരിക്കുന്നതെന്നു മുന്നേ അറിഞ്ഞാൽ, അതു നൂറു വർഷം കഴിഞ്ഞിട്ടായാൽ പോലും, ജീവിതം ഒട്ടും സുഖകരമാകാനിടയില്ല.

'ഓ, ഇനിയൊരു തൊണ്ണൂറു വർഷമുണ്ടല്ലോ, എൺപതു വർഷമുണ്ടല്ലോ' എന്നൊക്കെയായിരിക്കും ആർക്കും ആദ്യം തോന്നുക. പക്ഷേ, പിന്നീടത് വല്ലാത്തൊരു ഭീകരഭാവത്തിൽ തിരിഞ്ഞുനിൽക്കും. 'അയ്യോ ഇനി വെറും പത്തു കൊല്ലം, ഇനി അഞ്ചു കൊല്ലം, ഒരു കൊല്ലം, ആറു മാസം, ങ്ങേ! ഒരു മാസം, ഒരാഴ്ച,. ശ്ശോ ശ്ശോ, നാളെ... അയ്യോ തീർന്നോ,.. കഴിഞ്ഞോ ദേ കഴിഞ്ഞു...?

ഹാ, എന്തൊരു ദുരന്തമാണ് അങ്ങനെയൊരു ജീവിതവും ജീവിതാന്ത്യവും! മരിക്കുകയാണ് എന്നറിഞ്ഞുകൊണ്ടുള്ള മരണംപോലെ മറ്റൊരു ദുരന്തമില്ല എന്നാണു പറയപ്പെടുന്നത്. കാരണം, ആരും മരിക്കാൻ ഇഷ്ടപ്പെടുന്നില്ല എന്നതുതന്നെ. ആത്മഹത്യ ചെയ്യുന്നവർപോലും ആ അവസാനശ്വാസത്തിനു



മുമ്പുള്ള ഒരു മിന്നൽപ്പൊടിനേരത്ത് തങ്ങളെടുത്ത തീരുമാനത്തിൽ ഖേദിക്കും. ഈ കടുംകൈയ്ക്ക് തീരുമാനമെടുത്തത് ജീവിതത്തെ ഇഷ്ടപ്പെടാത്തതുകൊണ്ടല്ല, ജീവിക്കാൻ വയ്യാഞ്ഞിട്ടാണ്, അറിവില്ലാഞ്ഞിട്ടാണ് എന്ന് ഓർത്തുപോകും.

സാംബശിവന്റെ 'ഒഥല്ലോ' കഥാപ്രസംഗത്തിൽ വില്ലൻ ഇയാഗോ, മണ്ടൻ റോഡ്രിഗോയെ വാളിനിരയാക്കുന്ന ഒരു രംഗമുണ്ട്. ആ നിമിഷത്തിലെ റോഡ്രിഗോയെ സാംബശിവൻ ഇങ്ങനെയാണ് അവതരിപ്പിക്കുന്നത്:

'അയ്യോ, അയ്യയ്യോ, നാട്ടുകാരേ, ദേ എന്നെ കൊല്ലാൻ പോകുന്നേ, അയ്യോ എന്നെ കൊല്ലുന്നേ... ദാ കൊന്നേ'

കൊലയാണ് സീൻ. എന്നാലും എന്നെ കൊന്നേ എന്ന പ്രയോഗത്തിൽ കേൾവിക്കാർ ചിരിക്കും. 'മരണവെപ്രാളം' എന്നത് ഇതൊക്കെയായിരിക്കും.

സുബോധത്തോടെ മരിക്കുന്ന അനേകരുണ്ട്. അവസാനനിമിഷംവരെ മസ്തിഷ്കത്തിന് അല്പം പോലും ക്ഷയമില്ലാത്തവർ. നല്ല ഓർമയോടും തിരിച്ചറിവോടുംകൂടി, മിണ്ടിപ്പറഞ്ഞിരിക്കുമ്പോൾ ഉറക്കത്തിലേക്കെന്നപോലെ, എന്നേക്കുമായി യാത്ര പോകുന്നവർ.

അങ്ങനെയൊരാളോട്, 'തിരിഞ്ഞുനോക്കുമ്പോൾ ഈ ജീവിതത്തെക്കുറിച്ച് നിങ്ങൾക്കെന്തെങ്കിലും ഖേദം തോന്നുന്നുണ്ടോ, എന്താണിപ്പോൾ നിങ്ങളുടെ മനസ്സിനെ ഏറ്റവും വിഷമിപ്പിക്കുന്നത്' എന്നു ചോദിച്ചാൽ എന്തായിരിക്കും മറുപടിയെന്ന് ആലോചിച്ചിട്ടുണ്ടോ?

അന്ത്യാഭിലാഷമായി ഓരോരുത്തർക്കും ഓരോന്നു തോന്നാമല്ലോ.

ഇതൊരു ഭാവനയല്ല. ഇക്കാര്യത്തിൽ അനേകം പഠനങ്ങളും ഗവേഷണങ്ങളും നടന്നിട്ടുണ്ട്.

കണ്ടെത്തിയ ആസന്നമരണദുഃഖങ്ങളിൽ ചിലത് ഇങ്ങനെയൊക്കെയാണ്:

- മറ്റുള്ളവരെ തൃപ്തിപ്പെടുത്താനല്ലാതെ എന്റേതായ ഒരു ജീവിതം ജീവിക്കേണ്ടതായിരുന്നു,
- കുറച്ചുകൂടി ക്ഷമിക്കാമായിരുന്നു.
- പ്രിയപ്പെട്ടവരോടൊപ്പം കുറച്ചുകൂടി സമയം ചെലവഴിക്കാമായിരുന്നു.
- ജീവിതപങ്കാളിയെ തിരഞ്ഞെടുത്തതിൽ തെറ്റുപറ്റി.
- അടുത്ത നിമിഷംപോലും നമ്മുടേതാണോ എന്ന് ഉറപ്പില്ലാഞ്ഞിട്ടും അനന്തരതലമുറകൾക്കുവേണ്ടി പണമുണ്ടാക്കാൻ പാഞ്ഞുനടന്നപ്പോൾ മൂല്യമേറിയ പലതും മറന്നുപോയി. ബന്ധങ്ങൾ നഷ്ടമായി.
- ഉറ്റവരെ ഒട്ടുവളരെ ദ്രോഹിച്ചു, വേദനിപ്പിച്ചു.
- ആയകാലത്ത് അലസനായും ധൂർത്തടിച്ചും ഉത്തരവാദിത്വമില്ലാതെയും ഒത്തിരി സമയം പാഴാക്കി.

***

എനിക്ക് പത്തു വയസുള്ളപ്പോഴാണ് ഞങ്ങളുടെ ഇച്ചാച്ചൻ (പപ്പായുടെ അപ്പൻ പുല്ലാട്ട് മാണിച്ചേട്ടൻ) 74-ാം വയസ്സിൽ മരിച്ചത്. അറുപതേക്കർ കൃഷിഭൂമി സ്വന്തം. നാട്ടിലൊരു പ്രമാണി. കരുത്തൻ. പക്ഷേ, ഒന്നാംതരം മദ്യപനായിരുന്നു ഇച്ചാച്ചൻ. അതേസമയം നല്ലവനുമായിരുന്നു. രോഗിയായി ഏറെ നാൾ കിടപ്പിലായി.

എട്ടു മക്കളിൽ ഏറ്റവും മൂത്തവനായ മത്തായി (എന്റെ പപ്പാ) ഒൻപതു മക്കൾ ഉണ്ടാകുന്നതുവരെ (ഞാനാണ് ഒൻപതാമൻ) തറവാട്ടിൽ, അപ്പന്റെ സ്ഥാനത്തുനിന്ന് വീട്ടുകാര്യങ്ങൾ നോക്കി സഹോദരങ്ങളെ പഠിപ്പിച്ചു വളർത്തി.

ഇച്ചാച്ചനു രോഗം കലശലായിക്കിടക്കുമ്പോൾ വീട്ടുകാരും നാട്ടുകാരും ബന്ധുക്കളും എപ്പോഴും വീട്ടിലുണ്ട്. 'ഇന്ന് പൊടിയരിക്കഞ്ഞി വേണം, മത്തങ്ങാ ചാറുകറി വേണം, കൂണുകറി വേണം' എന്നൊക്കെ ഇച്ചാച്ചൻ ഓരോരോ ആഗ്രഹങ്ങൾ പറയും. മമ്മാ അതൊക്കെ ഉണ്ടാക്കിക്കൊടുക്കും.

ഒരു രാത്രിയിൽ ഇച്ചാച്ചന്റെ കട്ടിലിനരികിൽ നിന്ന് ഞങ്ങൾ പ്രാർഥിക്കുമ്പോൾ ഇച്ചാച്ചൻ മൂത്ത മകനോട് (എന്റെ പപ്പായോട് ) പറഞ്ഞു: 'കുഞ്ഞേ, നീയെന്നെ ഒന്ന് എണീപ്പിച്ചേ.'

പപ്പാ ഇച്ചാച്ചന്റെ രണ്ടു കക്ഷത്തിലൂടെ കൈ കടത്തി കിടപ്പിൽനിന്നു പതിയെ ഉയർത്തി.

ഇച്ചാച്ചൻ പറഞ്ഞു,

'എന്നെ നിന്റെ മടിയിലൊന്നിരുത്തിക്കേ.'

വീർപ്പുമുട്ടി പപ്പാ ഇച്ചാച്ചനെ എടുത്തു മടിയിലിരുത്തി. അടുത്തുനിന്ന ആരൊക്കെയോ സഹായിച്ചു.

പിന്നെ ഇച്ചാച്ചൻ പറഞ്ഞു: 'നീ എന്നെയൊന്നു കെട്ടിപ്പിടിച്ചേ.'

ഇതുവരെ ഇങ്ങനെയൊന്നും പറഞ്ഞിട്ടില്ലാത്ത ഇച്ചാച്ചൻ ഇപ്പോഴിങ്ങനെ...?

പപ്പായുടെ കണ്ണു നിറഞ്ഞൊഴുകുകയാണ്. ചുറ്റുമുള്ളവരൊക്കെ വല്ലാതായി വീർപ്പടക്കി നിൽക്കുന്നു.

കരുത്തുറ്റ നെഞ്ചിൽ ഇച്ചാച്ചനെ ചാരിക്കിടത്തി പിന്നിലൂടെ പപ്പാ കെട്ടിപ്പിടിച്ചു. തൃപ്തിയാകാത്തപോലെ ഇച്ചാച്ചൻ പറഞ്ഞു: 'ഒന്നൂടെ മുറുക്കെ കെട്ടിപ്പിടിച്ചേ.'

നെഞ്ചിലെ ചൂടു മുഴുവൻ പകരുന്നതുപോലെ പപ്പാ ഇറുക്കി കെട്ടിപ്പിടിച്ചു.

ഇച്ചാച്ചൻ പറഞ്ഞു:

'കുഞ്ഞേ, ഞാൻ നിന്നെ ഒത്തിരി വേദനിപ്പിച്ചിട്ടുണ്ട്. നീയെന്നോടു ക്ഷമിക്കണം.' ഒരു അണക്കെട്ടു തകർന്നതുപോലെ പപ്പാ പൊട്ടിക്കരഞ്ഞു. അവിടെ നിന്നവരൊക്കെ പൊട്ടിക്കരഞ്ഞു. ചിലർ പുറത്തിറങ്ങി.

കരുത്തനായ പപ്പാ കരയുന്നത് ഞാൻ ആദ്യമായി കാണുകയാണ്. രംഗത്തിന്റെ ഗൗരവം മുഴുവനായി പിടികിട്ടിയില്ലെങ്കിലും എന്റെ കണ്ണുകൾ നിറഞ്ഞു.

ഇച്ചാച്ചൻ പറഞ്ഞു:

'മതി. ഇനി കിടത്തിയേക്ക്.'

പപ്പായും അടുത്തുനിന്ന മറ്റു മക്കളും ചേർന്ന് ഇച്ചാച്ചനെ പതിയെ കിടത്തി.

ബന്ധുവായ കുട്ടിച്ചേട്ടൻ ഇച്ചാച്ചന്റെ ചെവിയിൽ ചൊല്ലിക്കൊടുത്തു, 'ഈശോ... മറിയം... യൗസേപ്പ് കൂട്ടുണ്ടായിരിക്കട്ടെ...'

പിന്നെ ശാന്തം. ഒന്നും മിണ്ടിയില്ല. കണ്ണു തുറന്നില്ല. പതിയെ ഇച്ചാച്ചൻ നിശ്ചലനായി.

***

മരണക്കിടക്കയിൽനിന്നു മോചനം കിട്ടി വീണ്ടും ജീവിതം പച്ചപിടിച്ചാൽ,

(അങ്ങനെയും സംഭവിക്കാമല്ലോ) മേല്പറഞ്ഞ നഷ്ടങ്ങൾ പലതും വീണ്ടെടുക്കാൻ കഴിഞ്ഞേക്കാം.

ഒന്നൊഴികെ.

സമയം, പാഴാക്കിയ സമയം.

നമ്മുടെ സമയം, നമ്മുടെമാത്രമായ സമയം, ഏറ്റവും നന്നായി എങ്ങനെ ഉപയോഗിക്കാം എന്നതാണ് ഏറ്റവും ചെറുപ്പത്തിലേ തുടങ്ങേണ്ട പരിശീലനം.

മരണതീരത്തു നിൽക്കുന്ന ഒരാളോട്, പത്തുകോടി രൂപ വേണോ പത്തു മണിക്കൂർകൂടി ആയുസ്സ് വേണോ എന്നു ചോദിച്ചാൽ എന്തായിരിക്കും ഉത്തരം?

■

# മോനമ്മയുടെ കഥ

## ദന്തവിദഗ്ധന്റെ ഡയറിക്കുറിപ്പുകൾ 7

**പ്രമുഖ ദന്തചികിത്സാവിദഗ്ധനായ ഡോ. ജോർജ് വർഗീസ് കുന്തറ തന്റെ ദീർഘകാലത്തെ അനുഭവപരിചയത്തിൽനിന്നു തിരഞ്ഞെടുത്ത ചികിത്സാ റിപ്പോർട്ടുകൾ. കോട്ടയം ഗവ. ദന്തൽകോളജ് പ്രിൻസിപ്പലും പുഷ്പഗിരി ദന്തൽ കോളജ് പ്രിൻസിപ്പലുമായിരുന്ന ഡോ. ജോർജ് വർഗീസ് ഇപ്പോൾ പുഷ്പഗിരിയിൽ ഓറൽ & മാക്സിലോ ഫേഷ്യൽ സർജനാണ്.**



ഡോ. ജോർജ് വർഗീസ്

കുറച്ചുനാൾമുമ്പ് ക്ലിനിക്കിലെ സഹായി എന്നോടു പറഞ്ഞു: "ഡോ. മോനമ്മ, ഡോക്ടറെ ഇന്നുതന്നെ അടിയന്തരമായി കൺസൾട്ടു ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റു രോഗികളെ പരിശോധിക്കുന്നതിനുമുമ്പ് അവരെ പരിശോധിക്കണമെന്നാണു പറഞ്ഞിരിക്കുന്നത്."

"എന്തെങ്കിലും പ്രധാനപ്പെട്ട കാരണം കാണുമായിരിക്കും. എന്നാണവര് അവസാനം ഇവിടെ വന്നത്?" ഞാൻ ചോദിച്ചു.

"ആറുമാസംമുമ്പ്. താഴത്തെ ഒരണപ്പല്ലിന്റെ കുറ്റിയെടുക്കുവാനായി. അന്ന് അരമണിക്കൂറിനുമേൽ എടുത്തു മോണ കീറി ആ പല്ലെടുക്കുവാൻ."

"ശരിയാണ്. ഞാൻ ഇപ്പോൾ ഓർക്കുന്നു. നാക്കിന്റെ ഇടതുവശത്ത് ഒരു വ്രണവുമുണ്ടായിരുന്നല്ലോ? ഒരു വർഷത്തിനുമുമ്പ് ആ കുറ്റിപ്പല്ലെടുക്കാൻ ഞാൻ പറഞ്ഞതാണ്. എന്നാൽ, കൊവിഡിനെ പേടിച്ചാണ് താമസിച്ചതെന്ന് എന്നോട് അന്നു പറഞ്ഞതായി ഞാൻ ഓർക്കുന്നു. പിന്നീട് അവർ കുത്തിക്കെട്ട് എടുക്കാൻ വന്നിരുന്നോ?"

''വന്നിരുന്നു. പല്ലെടുത്ത മുറിവ് ഉണങ്ങിത്തുടങ്ങിയിരുന്നു. എന്നാൽ, നാക്കിലെ മുറിവ് പൂർണമായി ഉണങ്ങുന്നില്ലെങ്കിൽ വീണ്ടും പരിശോധിക്കണമെന്ന് ഡോക്ടർ പറഞ്ഞിരുന്നു. ചിലപ്പോൾ അതിനായിരിക്കും ഇപ്പോൾ അവർ വരുന്നത്.'' സഹായി മറുപടി പറഞ്ഞു.

അന്നുച്ചയ്ക്കുശേഷം ഡോക്ടർ പരിശോധനയ്ക്കായി ക്ലിനിക്കിൽ വന്നു. അറുപത് കി.മീ. അകലെനിന്നാണു ഡോക്ടർ വരുന്നത്. ക്ലിനിക്കിൽ ഡോക്ടർ പ്രവേശിച്ചപ്പോൾ ഞാൻ സാധാരണ ചെയ്യുന്നതുപോലെ അഭിവാദ്യം ചെയ്തു.

"ഗുഡ് ആഫ്റ്റർനൂൺ മാഡം."

എന്താണെന്നറിയില്ല അവർ തിരിച്ച് ഒന്നും പറഞ്ഞില്ല. അറുപതു വയസ്സു കഴിഞ്ഞ ഡോക്ടർ പൊതുവേ പ്രസന്നവതിയാണ്. എന്നാലിപ്പോൾ മുഖത്ത് പഴയ പ്രസാദവും പുഞ്ചിരിയും കാണുന്നില്ലല്ലോ എന്നു ഞാൻ ചിന്തിച്ചു. ഞാൻ പറഞ്ഞതു കേൾക്കാഞ്ഞിട്ടാണോ എന്നു സംശയിച്ച് അല്പംകൂടി ഉച്ചത്തിൽ പറഞ്ഞു:

''ഗുഡ് ആഫ്റ്റർനൂൺ മാഡം."

അപ്പോൾ അത്ര സന്തോഷമില്ലാത്ത നേരിയ പുഞ്ചിരിയോടെ അവ്യക്തമായ ശബ്ദത്തിൽ അവർ പറഞ്ഞു:

"ഗുഡ് ആഫ്റ്റർനൂൺ സാർ."

ആലപ്പുഴ മെഡിക്കൽ കോളജിൽ ഞാൻ വർഷങ്ങൾക്കുമുമ്പ് ദന്തവിഭാഗത്തിൽ അധ്യാപകനായി ജോലി ചെയ്ത അവസരത്തിൽ അവിടെ മെഡിസിനു പഠിച്ചിരുന്നയാളാണ് ഡോ. മോനമ്മ. അതുകൊണ്ടായിരിക്കും എന്നെ സാർ എന്ന് അഭിസംബോധന ചെയ്തതെന്നു തോന്നുന്നു. സാവധാനം അവർ വന്ന് ഞാൻ ചൂണ്ടിക്കാട്ടിയ ഡെന്റൽ ചെയറിലിരുന്നു.

"എന്തുണ്ട് മാഡം വിശേഷം? ഒത്തിരി നാളായല്ലോ കണ്ടിട്ട്. സുഖംതന്നെയല്ലേ?'' ഞാൻ ചോദിച്ചു.

എന്റെ മുഖത്തേക്കു ദയനീയമായി നോക്കി. എന്തോ പന്തികേടുണ്ടല്ലോ? ഞാൻ മനസ്സിൽ ചിന്തിച്ചു.

വളരെ പതുങ്ങിയ ശബ്ദത്തിൽ അവർ പറഞ്ഞ വിവരങ്ങൾ എന്നെ അക്ഷരാർഥത്തിൽ ഞെട്ടിച്ചു.

''സാറേ, രണ്ടുമാസംമുമ്പ് എന്റെ നാക്കിന് ഒരു സർജറി വേണ്ടിവന്നു. പാർഷ്യൽ ഗ്ലൊസ്സെക്ടമി" (നാക്കിന്റെ കുറച്ചുഭാഗം നീക്കിക്കളയുന്ന ശസ്ത്രക്രിയ). ഇത്രയും പറഞ്ഞിട്ട് ഒന്നു നിർത്തി എന്റെ മുഖത്തേക്കു വീണ്ടും നോക്കി. സംസാരിക്കാനുള്ള ബുദ്ധിമുട്ടിന്റെ കാര്യം മനസ്സിലായോ എന്ന അർഥത്തിലായിരുന്നു ആ നോട്ടമെന്ന് എനിക്കു മനസ്സിലായി. മോനമ്മ തുടർന്നു:

"ഇവിടെ വന്നു സ്റ്റിച്ച് എടുത്തു പോയി രണ്ടാഴ്ച കഴിഞ്ഞപ്പോഴേക്കും പല്ലെടുത്ത സ്ഥലത്തെ മുറിവുണങ്ങി. എന്നാൽ, നാക്കിലെ വ്രണത്തിന് ഒരു മാറ്റവുമുണ്ടായില്ല. മരുന്നുകളെല്ലാം മുടങ്ങാതെ കഴിച്ചു. എന്നാൽ നാക്കിന്റെ വേദന അല്പം കൂടുകയാണുണ്ടായത്."

സംസാരിക്കാൻ ബുദ്ധിമുട്ടാണെന്ന് എനിക്കു മനസ്സിലായി. ഡോ. മോനമ്മ തുടർന്നു:

"എന്തു ചെയ്യണമെന്നറിയാൻ ഞാൻ സാറിനെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചു. എന്നാൽ, ഏതോ കാര്യത്തിനായി അമേരിക്കയിൽ പോയതാണ് എന്നറിഞ്ഞു. അതിനാൽ, ഒരു സ്വകാര്യ ആശുപത്രിയിലെ പ്രസിദ്ധമായ കാൻസർ സർജനെ കൺസൾട്ടു ചെയ്തു."

വീണ്ടും നിറുത്തി എന്റെ നേരേ ഒന്നുകൂടി നോക്കി.

''ബയോപ്സി എടുക്കാൻ പറഞ്ഞു കാണുമല്ലേ?''ഞാൻ ചോദിച്ചു.

"അതേ. ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ റിപ്പോർട്ട് വന്നു. സ്ക്വാമസ് സെൽ കാർസിനോമ – ഏറ്റവും കൂടുതലായി വായിൽ വരാൻ സാധ്യതയുള്ള കാൻസർ. തൊട്ടടുത്ത ദിവസംതന്നെ സർജറി ചെയ്തു. നാക്കിന്റെ ഒരു ഭാഗം മുറിച്ചു മാറ്റി. കഴുത്തിലെ ലിംഫ്ഗ്രന്ഥികളിലേക്കും പടർന്നിരിക്കാൻ സാധ്യതയുള്ളതുകൊണ്ട് സർവയ്ക്കൽ ബ്ലോക് ഡിസ്സെക്ഷനും ചെയ്തു(കഴുത്തിലെ ലിംഫ് ഗ്രന്ഥികൾ നീക്കം ചെയ്യുന്ന ശസ്ത്രക്രിയ). കണ്ടോ അതിന്റെ പാട്?" കഴുത്തിലെ പാട് എന്നെ ചൂണ്ടിക്കാട്ടി, അല്പം വിഷമത്തോടെ.

"ബയോപ്സി റിപ്പോർട്ടിൽ ഭാഗ്യത്തിന് ലിംഫ് ഗ്രന്ഥികളിലേക്കു രോഗം പടർന്നിട്ടില്ലായിരുന്നു."

''റേഡിയേഷൻ വേണ്ടിവന്നോ?" ഞാൻ ചോദിച്ചു.

"ഇല്ല."

"മാഡത്തിന് ഇപ്പോൾ എന്തെങ്കിലും വിഷമമുണ്ടോ? എന്തെങ്കിലും പ്രത്യേക കാരണത്താലാണോ ഇപ്പോൾ വന്നത്?"

''എന്റെ കീഴ്ത്താടിയിലെ അതേവശത്തെ ഒരു പല്ല് ഇപ്പോൾ നാക്കിൽകൊണ്ട് ഉരയുന്നുണ്ട്. കഴിഞ്ഞ റിവ്യൂവിനായി ചെന്നപ്പോൾ എന്റെ ഡോക്ടർ, കാൻസർ സർജൻ എന്നോടു പറഞ്ഞു."

ഡോ. മോനമ്മയെ ഞാൻ പരിശോധിച്ചപ്പോൾ അവർ പറഞ്ഞതു ശരിയാണെന്ന് എനിക്കു ബോധ്യമായി. താഴത്തെ ഒരു പ്രീമോളാർ പല്ല് ഉള്ളിലേക്കു ചരിഞ്ഞിരിക്കുകയാണ്. അഗ്രം കൂർത്തിരിക്കുന്നു.

"എന്താ ആ പല്ല് ഇന്നെടുക്കട്ടെ.'

"ശരി."

തുടർന്ന്, ആ പല്ലെടുത്തു കൊടുത്തു. ഭാഗ്യത്തിന് എടുക്കാൻ ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല.

സാധാരണ വായിലെ കാൻസർ ഉണ്ടാകുന്നത് പുകവലി, വെറ്റിലമുറുക്ക്, മദ്യപാനം, പാൻമസാലയുടെ ഉപയോഗം തുടങ്ങിയ ദുശ്ശീലം ഉള്ളവർക്കാണ്. കൂടാതെ, ദന്താരോഗ്യത്തെക്കുറിച്ചു ശ്രദ്ധിക്കാത്തവർക്കും. എന്നാൽ, ഈ കേസിൽ അതൊന്നും ഉപയോഗിക്കാത്ത വ്യക്തിക്കാണു രോഗം പിടിപെട്ടത്. കൂടാതെ, ഡോക്ടറായ ഇവർ വായുടെ ശുചിത്വം നന്നായി കാത്തുസൂക്ഷിക്കുന്ന വ്യക്തിയും. ഇതെന്നെ അദ്ഭുതപ്പെടുത്തി. പക്ഷേ, ഒരു പ്രത്യേക കാരണമാണ് കാൻസർ ഉണ്ടാകാൻ ഇടയാക്കിക്കിയതെന്ന് പിന്നീടാലോചിച്ചപ്പോൾ എനിക്കു മനസ്സിലായി.

ഡോക്ടർ കൊവിഡ് രോഗത്തെക്കുറിച്ച് അകാരണഭീതിയുള്ള വ്യക്തിയായിരുന്നു. കൊവിഡ് വാക്സിനെ സംബന്ധിച്ചും അതുപോലെതന്നെ. (ഇതുവരെ ഒരു ഡോസ് കൊവിഡ് വാക്സിൻപോലും ഡോക്ടർ സ്വീകരിച്ചിട്ടില്ല.) കൊവിഡ് രോഗവ്യാപനത്തിന് അല്പം ശമനം വന്ന ഇടവേളയിൽ ഡോക്ടർ എന്നെ സമീപിച്ചിരുന്നു, വായ പരിശോധിക്കാനായി. താഴത്തെ ഒരണപ്പല്ലൊടിഞ്ഞിട്ട് നാക്കിൽകൊണ്ട് ഉരയുന്നു. അല്പം വേദന നാക്കിനുണ്ട്. പല്ലിനു വേദനയില്ല. ഒടിഞ്ഞ പല്ലെടുക്കുന്നതിനു മുമ്പായി സാധാരണ ചെയ്യുന്നതുപോലെ എക്സ്റേ എടുത്തു. പണ്ടെങ്ങോ റൂട്ട്കനാൽ ചെയ്ത പല്ലാണ് ഒടിഞ്ഞിരിക്കുന്നതെന്നു മനസ്സിലായി. ഞാൻ പറഞ്ഞു:

''ഡോക്ടറെ റൂട്ട്കനാൽ ചെയ്ത അണപ്പല്ലാണ് ഒടിഞ്ഞിരിക്കുന്നത്. അതിനാൽ സാധാരണ പല്ലെടുക്കുന്നതിനേക്കാൾ ബുദ്ധിമുട്ടുണ്ടാകും. അതിനായി ഒരു ഡേറ്റ് തരട്ടെ?"

ഇത്രയും കേട്ടപ്പോൾ ഡോക്ടറുടെ മുഖഭാവത്തിൽനിന്നു മനസ്സിലായി, ആൾക്ക് ലേശം ഭയമുണ്ടെന്ന്.

"കൂടുതൽ സമയം വേണ്ടിവരുമോ? മോണ കീറി വേണോ പല്ലെടുക്കാൻ?" അവർ ചോദിച്ചു.

"പോരെങ്കിൽ പ്രായം അറുപതു കഴിഞ്ഞില്ലേ? മോണയുടെ അസ്ഥിക്കു കൂടുതൽ കട്ടി കാണും. രണ്ടു ദിവസത്തേക്ക് അല്പം നീരും വേദനയും കണ്ടേക്കാം." ഞാൻ പറഞ്ഞു.

ഡോക്ടർ ഒന്നാലോചിച്ചിട്ട് പറഞ്ഞു: "ഞാൻ പിന്നീട് അറിയിക്കാം."

ഡോക്ടറെ ഞാൻ വീണ്ടും കാണുന്നത് ഏകദേശം ആറുമാസത്തിനുശേഷമാണ്. കൊവിഡിനോടുള്ള ഭയംമൂലമായിരിക്കും എന്നതു സ്പഷ്ടമാണ്. അന്ന് ഒടിഞ്ഞ പല്ലെടുക്കുന്നതിനു മുമ്പായി പരിശോധിച്ചപ്പോൾ നാക്കിലെ മുറിവ് ഉണങ്ങിയിട്ടില്ല എന്നു കണ്ടു. പല്ലെടുത്തതിനു ശേഷം ഞാൻ പറഞ്ഞു:

"ആന്റിബയോട്ടിക്സ് മുടങ്ങാതെ ഏഴുദിവസം കഴിക്കണം. നാക്കിലെ മുറിവുണങ്ങാൻ കൂടിയാണിത്. രണ്ടാഴ്ച കഴിഞ്ഞ് പരിശോധനയ്ക്കായി വരണം."

വായിലെ ഉണങ്ങാത്ത മുറിവുകൾ കാൻസറിനു കാരണമായേക്കാം. അത് ഒടിഞ്ഞ പല്ലുമൂലമോ, കുറ്റിപ്പല്ലുമൂലമോ അല്ലെങ്കിൽ കൃത്രിമ വെപ്പുപല്ലുമൂലമോ ആകാം. ഏതു കാരണത്താലും വായിലെ മുറിവ് രണ്ടാഴ്ച കഴിഞ്ഞിട്ടും ഉണങ്ങിയിട്ടില്ലെങ്കിൽ ഒരു വിദഗ്ധപരിശോധന നടത്തി ഉചിതമായ നടപടി സ്വീകരിക്കണം. ഉപേക്ഷ വിചാരിച്ചാൽ നമ്മുടെ ജീവൻതന്നെ വിലയായി നൽകേണ്ടി വരും. മുൻകാലങ്ങളിൽ ഒരു ധാരണയുണ്ടായിരുന്നു, സമൂഹത്തിലെ താഴേക്കിടയിലുള്ളവർക്കാണു വായിലെ കാൻസർ ബാധിക്കുകയെന്ന്; പ്രത്യേകിച്ചും വെറ്റില മുറുക്കുന്ന ശീലമുള്ളവർക്ക്. എന്നാലിപ്പോൾ ഒരു ദുശ്ശീലവുമില്ലാത്ത സമൂഹത്തിലെ മേൽത്തട്ടിലുള്ളവരിലും ഈ രോഗം കണ്ടുവരുന്നു. അതിനാൽ വായിൽ ഉണങ്ങാത്ത മുറിവോ വ്രണമോ നീറ്റലോ നിറവ്യത്യാസമോ ഉണ്ടായാൽ പ്രായ, ലിംഗ ഭേദമെന്യേ രോഗികൾ ഡോക്ടറെ സമീപിക്കാൻ അമാന്തം കാണിക്കരുത്. ■

---

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# വിസർഗം

'ദുഃഖചിഹ്നം' എന്നു മലയാളത്തിൽ വിളിപ്പേരുള്ള ഒരു ചിഹ്നം സംസ്കൃതത്തിലുണ്ട്. സ്വരത്തിനുശേഷം അർധഹകാരംപോലെ ഉച്ചരിക്കുന്ന വർണമാണത്. മലയാളത്തിലെ വിരാമചിഹ്നമായ രണ്ടുകുത്തുകൾ(:) പദങ്ങൾക്കിടയിലോ പദത്തിന്റെ ഒടുവിലോ വിസർഗ്ഗം വരുന്നു. മലയാളം ഉൾപ്പെടെയുള്ള ദ്രാവിഡഭാഷകളിൽ ഇങ്ങനെയൊരു വർണം ഇല്ല. സംസ്കൃതപദങ്ങൾ തത്സമമായി കടംകൊണ്ടപ്പോൾ വിസർഗം മലയാളത്തിൽ കടന്നുകൂടിയതാണ്. ഒന്നുകിൽ രേഫം അല്ലെങ്കിൽ സമസ്ഥാനീയമായ ഊഷ്മാക്കൾ എന്നതാണ് ഇതിന്റെ ഘടന. ധ്വനിപരമായി വൈചിത്ര്യം പുലർത്തുന്നതിനാൽ വിസർഗം സ്വനിമമല്ലെന്നത്രേ ചിലരുടെ പക്ഷം. പദാന്ത്യത്തിലെ രേഫമോ സകാരമോ ആണ് വിസർഗരൂപം ധരിക്കുന്നത്.

സമാസത്തിൽ വിസർഗത്തിനു വരുന്ന മാറ്റങ്ങൾ വ്യക്തമാക്കാം. പദാന്ത്യത്തിൽ വരുന്ന സ, ര ഇവ വിസർഗമായിത്തീരും. മനസ്+ശാസ്ത്രം = മനഃശാസ്ത്രം, പുനര് + പാരായണം = പുനഃപാരായണം. രണ്ടിടത്തും പൂർവപദങ്ങളിൽ സ്, ര് എന്നിവ ഉണ്ടെന്നു വ്യക്തമാകുന്നു. ഇവിടെ സൂചിതമായ വ്യഞ്ജനം (സ്, ര്) അർധഹകാരമായിട്ടാണ് ഉച്ചാരണത്തിൽ തെളിയുന്നത്. വിസർഗം ഒഴിവാക്കി ഇരട്ടിച്ച് ഉച്ചരിക്കുന്ന പ്രവണത മലയാളത്തിൽ സാധാരണമായിക്കൊണ്ടിരിക്കുന്നു. മനഃശാസ്ത്രം = മനശ്ശാസ്ത്രം, മനഃസുഖം = മനസ്സുഖം, മനഃസാക്ഷി = മനസ്സാക്ഷി എന്നിങ്ങനെ. വിസർഗം നിലനിർത്തി എഴുതേണ്ട അന്തഃപുരം, അധഃപതനം, അധഃകൃതൻ മുതലായവയെ 'അന്തപ്പുരം', 'അധപ്പതനം', 'അധകൃതൻ' എന്നെല്ലാം ഇപ്പോൾ എഴുതി വരുന്നു. ഉച്ചാരണത്തിലെ ഇരട്ടിപ്പ് എഴുത്തിലേക്കു സംക്രമിച്ചതാവാം.

ദുസ്+ഖം എന്നാണ് ദുഃഖം എന്ന പദം പിരിച്ചെഴുതേണ്ടത്. പൂർവപദാന്തവർണമായ സ, സന്ധിയിൽ ഹകാരസദൃശമായ വിസർഗമായിത്തീരുന്നു. (ദുസ്+ഖം=ദുഃഖം), സംസ്കൃതപദങ്ങൾ മലയാളം ഉച്ചരിക്കുംപോലെ എഴുതിയാൽ മതി എന്ന നയം സ്വീകാര്യമെങ്കിൽ വിസർഗത്തെ മലയാളത്തിൽനിന്നു പുറത്താക്കാവുന്നതേയുള്ളൂ എന്നു കരുതുന്നവരുണ്ട്. "നമ്മൾ എഴുതുന്നതും പറയുന്നതും മലയാളമാണ്; സംസ്കൃതമല്ല, സംസ്കൃതത്തിൽനിന്നു കടംവാങ്ങിയ പദങ്ങൾ ഇവിടെ നമ്മുടെ രീതിയിൽ പെരുമാറുന്നതുകൊണ്ട് ഒരു കുഴപ്പവുമില്ല. ഇത് തത്സമമല്ല, തദ്ഭവമാണ് എന്നു കണക്കാക്കിയാൽ മതി. ദുഃഖം എന്നത് തത്സമം, ദുക്ഖം എന്നത് തദ്ഭവം.''* എം.എൻ. കാരശ്ശേരിയുടെ ഈ നിരീക്ഷണം അംഗീകരിക്കപ്പെടുമോ? കാത്തിരിക്കാം.

* കാരശ്ശേരി, എം.എൻ. ഡോ. മലയാളവാക്ക്, ഡി.സി.ബുക്സ്, കോട്ടയം, 2012, പുറം – 96.

നോവൽ 16

തേക്കിൻകാട് ജോസഫ്




**പീ**രുമേട് കോടതിയിലാണ് ഇയ്യോബും മാത്തുത്തരകനും ജോൺ വക്കീലും. നീതിപീഠത്തിൽ ജഡ്ജി വിൽഫ്രഡ് തോമസ് ഗ്രേ. അസാമാന്യമായ കിളരവും അതിനൊത്ത ശരീരവുമുള്ള ബ്രിട്ടീഷുകാരൻ. അദ്ദേഹം ദീർഘകാലം കമ്പനിയുടെ ലോയറായിരുന്നു. അതുകൊണ്ട് മലയാളം നന്നായി മനസ്സിലാകും. ജഡ്ജിയായി നിയമനം ലഭിച്ചിട്ട് അഞ്ചുവർഷമേ ആയുള്ളൂ.

എതിർവശത്ത്, വക്കീൽ ബാലകൃഷ്ണനനും പരാതിക്കാരൻ പൗലോയും കാത്തിരിപ്പുണ്ട്. മറ്റൊരു കേസിൽ വാദം നടക്കുകയാണ്.

രാവിലെ ജോൺ വക്കീലിന്റെ ബംഗ്ലാവിൽച്ചെന്ന് അദ്ദേഹത്തെ കൂട്ടി വരികയായിരുന്നു, ഇയ്യോബും മാത്തുതരകനും. രണ്ടുമാസംമുമ്പാണ് മിൽട്ടൺ സായ്‌വിൽനിന്ന് ഇയ്യോബ് കാർ വാങ്ങിയത്. നേരത്തേ പറഞ്ഞുറപ്പിച്ചതുപോലെ ഡ്രൈവറെയും മിൽട്ടൺ സായ്‌വ് ഏർപ്പാടാക്കിയിരുന്നു. കാഞ്ഞിരപ്പള്ളിക്കാരനാണ് ഡ്രൈവർ വർഗീസ്. അയാൾ കുറേക്കാലം മിൽട്ടൺ സായ്‌വിന്റെ ഡ്രൈവറായിരുന്നു. പിന്നീട് കാഞ്ഞിരപ്പള്ളിയിലെ ഒരു പ്ലാന്റർക്കുവേണ്ടി കുറച്ചുകാലം ഓടി. വർഗീസിനെ ഒരു കുടുംബാംഗത്തെപ്പോലെയാണ് ഇയ്യോബും മാത്തുത്തരകനും കാണുന്നത്. കൊട്ടാരത്തിലെ ഒരു മുറി അയാൾക്കു താമസത്തിനായി കൊടുത്തു. ഭക്ഷണസമയത്ത് അവിടെനിന്ന് ആഹാരം കഴിച്ചുകൊള്ളണം. അതിന് ആരുടെയും അനുവാദം വേണ്ട. വർഗീസ് കാഴ്ചയിൽത്തന്നെ മര്യാദക്കാരനാണ്. അയാളെ ഇയ്യോബിന് ഇഷ്ടപ്പെട്ടു. ഡ്രൈവിങ്ങിലും മത്തായിയെപ്പോലെ നല്ല ശ്രദ്ധയുണ്ട്.

ആണ്ടമ്മയ്ക്കും ഡ്രൈവർ വർഗീസിന്റെ പെരുമാറ്റം ഇഷ്ടപ്പെട്ടു. അവർക്കങ്ങനെ ആളുകളെ പെട്ടെന്നു പിടിക്കുന്ന സ്വഭാവമില്ല.

ഇയ്യോബ്, വർഗീസ് വന്നതിന്റെ പിറ്റേദിവസംതന്നെ താണ്ടമ്മയുടെ വീട്ടിൽപ്പോയി. അപ്പനെയും അമ്മയെയും ഒപ്പംകൂട്ടി. അവരുടെ ജീവിതത്തിലെ ആദ്യത്തെ കാർയാത്ര.

താണ്ടമ്മയ്ക്കും സഖറിയാകുര്യനും പ്ലമേനാമ്മയ്ക്കും സന്തോഷമായി. വയറ്റുകണ്ണിയായ മകളെ കാണാനും വിശേഷങ്ങൾ തിരക്കാനും അവളുടെ അമ്മായിയമ്മയും അമ്മായച്ചനും വന്നല്ലോ.

"ഇനീപ്പോ നിങ്ങക്ക് യാത്ര ചെയ്യാൻ കാറൊണ്ടല്ലോ. മരുമോളേ അന്വേഷിക്കാൻ ഇടയ്ക്കിടയ്ക്ക് ഇങ്ങോട്ടു വരണം. ഗർഭിണിയായ അവൾക്കും അതൊരു സന്തോഷമാകും."

പ്ലമേനാമ്മ ലോഹ്യം പറഞ്ഞു. "അതുപിന്നെ പറയാനൊണ്ടോ? കൊട്ടാരത്തിൽ തറവാടിന്റെ അനന്തരാവകാശിയല്ലേ മോടെ വയറ്റിക്കെടക്കണ്ത്."

ആണ്ടമ്മ ചിരിച്ചു. എല്ലാവർക്കും ആണ്ടമ്മയുടെ മറുപടി രസിച്ചു.

ഉച്ചവിരുന്നു കഴിഞ്ഞാണ് അവർ മടങ്ങിയത്. അവരെ യാത്രയയ്ക്കാൻ താണ്ടമ്മയും പ്ലമേനാമ്മയും ഗേറ്റുവരെ വന്നു.

അടുത്ത ദിവസങ്ങളിൽ ആണ്ടമ്മ തനിയെ പെൺമക്കളുടെ വീട്ടിലെല്ലാം സൗഹൃദസന്ദർശനം നടത്തി. പിള്ളേരോടൊക്കെ അവധിക്കാലത്തു വരാൻ കാറയ്ക്കാമെന്ന് വാക്കും കൊടുത്തു.

കോടതിവളപ്പിലെത്തിയപ്പോൾ വക്കീൽ ബാലകൃഷ്ണൻനായരെയും പൗലോയെയും കണ്ടു. അവർ ഒരു മരച്ചോട്ടിൽ സംസാരിച്ചുനിൽക്കുകയായിരുന്നു. ഇയ്യോബിനെയും മാത്തുത്തരകനെയും കണ്ടപ്പോൾ അയാൾ തിടുക്കത്തിൽ കാറിനടുത്തേക്കു വന്നു. മാത്തുത്തരകൻ അയാളെ മൈൻഡു ചെയ്യാതെ കോടതിവരാന്തയിലേക്കു കയറിപ്പോയി.


"അച്ചായന് എന്നോടു പിണക്കമായിരിക്കും അല്ലേ ഇയ്യോബ്?"

ബാലകൃഷ്ണൻനായർ ആവലാതിപ്പെട്ടു.

"നിങ്ങള് ഈ കേസ് ഏറ്റെടുക്കാൻ പാടില്ലായിരുന്നു, നായരേ!"

ഇയ്യോബ് തെല്ലു പരിഭവത്തോടെ പറഞ്ഞു.

''ഒരു കക്ഷി കേസുമായി വന്നാല് അത് സ്വീകരിക്കുക എന്റെ തൊഴിലല്ലേ? കൊട്ടാരത്തിൽ കുടുംബക്കാര്, പ്രത്യേകിച്ച് വല്യപ്പച്ചൻ എനിക്കു ചെയ്തുതന്ന സഹായമൊന്നും ഞാൻ മറക്കില്ല ഇയ്യോബേ. അദ്ദേഹത്തിന്റെ കാരുണ്യമില്ലായിരുന്നെങ്കിൽ ഞാനൊരു വക്കീലാവുമായിരുന്നില്ല."



''ആ ഓർമ വക്കീലിനൊണ്ടായിരുന്നെങ്കില് ഞങ്ങളെ ഈ കേസിലേക്കു വലിച്ചിഴയ്ക്കില്ലായിരുന്നു. ഞാനും അപ്പനും ആദ്യമായിട്ടാ കോടതി കയറണത്. ഓഹാ. വക്കീലിപ്പോ പോകൂ. നമ്മക്ക് വീണ്ടും കാണാമല്ലോ." ഇയ്യോബ് തന്റെ അനിഷ്ടം വാക്കുകളിൽ കലർത്തി.

അയാൾ ബാലകൃഷ്ണൻ നായരുടെ മറുപടിക്കു കാക്കാതെ കോടതിവരാന്തയിലേക്കു കയറിപ്പോയി.

ജോൺ വക്കീലും മാത്തുത്തരകനും ഇയ്യോബിനെ കാത്തു നിൽക്കുകയായിരുന്നു.

"നമ്മടെ എതിർകക്ഷിവക്കീലാണ്.'

ജോൺ വക്കീലിനോടായി ഇയ്യോബ് വിശദീകരിച്ചു.

''എനിക്കറിയാം ലോയർ ബാലകൃഷ്ണൻ നായരെ'' ജോൺ വക്കീൽ പറഞ്ഞു. അവർ കോടതിമുറിയിലേക്കു കയറി. ആ സമയത്തായിരുന്നു, ജഡ്ജി വിൽഫ്രഡ് തോമസ് ഗ്രേ ചേംബറിൽനിന്നു ന്യായാസനക്കസേരയിലേക്കു വന്നത്.

ജഡ്ജിയെ കണ്ടപ്പോൾ എല്ലാവരും എണീറ്റ് ഉപചാരമർപ്പിച്ചു. ജഡ്ജി ഇരുന്നു കഴിഞ്ഞപ്പോൾ ജോൺ വക്കീലും മാത്തുത്തരകനും ഇയ്യോബും തങ്ങളുടെ സീറ്റുകളിൽ ഉപവിഷ്ടരായി.

രണ്ടാമത്തെ കേസായി കൊട്ടാരത്തിൽ തറവാടിനെതിരായുള്ള കേസാണു വിളിച്ചത്. വക്കീൽ ബാലകൃഷ്ണൻനായർ എണീറ്റു.

കൊട്ടാരത്തിൽ തറവാടിന്റെ വസ്തുവകകളെക്കുറിച്ചും ഇയ്യോ അവിരാതരകന്റെ പ്രശസ്തിയും വ്യാപാരരംഗത്തെ നേട്ടങ്ങളും അയാൾ വിശദമായി പ്രതിപാദിച്ചു.

വാദം മലയാളത്തിലായിരുന്നെങ്കിലും ജഡ്ജി വിൽഫ്രഡ് തോമസ് ഗ്രേ അതെല്ലാം സശ്രദ്ധം കേൾക്കുകയും ഇടയ്ക്കിടെ ചില നോട്ടുകൾ കുറിക്കുകയും ചെയ്തു. ബാലകൃഷ്ണൻ നായരുടെ വാദം അരമണിക്കൂർ നീണ്ടു.

കോടതി സശ്രദ്ധം എല്ലാം കേട്ടിരുന്നു. കൊട്ടാരത്തിൽ തറവാടിന്റെ പൂർവചരിത്രം ബാലകൃഷ്ണൻനായർ വിവരിച്ചപ്പോൾ അവിടെ സന്നിഹിതരായവർ കൗതുകപൂർവമാണ് അതു കേട്ടിരുന്നത്. അയാൾ ഒന്നുനിറുത്തി. എന്നിട്ട് തുടർന്നു:

''അതുകൊണ്ട്, എന്റെ കക്ഷിക്കുകൂടി അവകാശപ്പെട്ടതാണ് കൊട്ടാരത്തിൽ കുടുംബത്തിന്റെ വസ്തുവകകളും സമ്പാദ്യവും. അവിരാത്തരകനു പൂർവികമായി കിട്ടിയ വസ്തുവകകളിൽ അയാളുടെ സഹോദരിമാർക്കും അവകാശമുണ്ട്. ചുരുക്കത്തിൽ, എന്റെ കക്ഷി പൗലോയുടെ അമ്മ അന്നാമ്മ അവിരാത്തരകന്റെ സഹോദരിയാണ്. സഹോദരി അന്നാമ്മ മരണപ്പെട്ടതിനാൽ സ്വാഭാവികമായും അനന്തരാവകാശി എന്ന നിലയിൽ പൗലോയ്ക്കുകൂടി അവകാശപ്പെട്ടതാണ് കൊട്ടാരത്തിൽ തറവാടിന്റെ സ്വത്തുക്കൾ. എന്റെ കക്ഷിക്ക് ബഹുമാനപ്പെട്ട കോടതി നീതി നടപ്പാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു."

ബാലകൃഷ്ണൻ വക്കീൽ തന്റെ വാദം നിറുത്തി സീറ്റിൽ ഉപവിഷ്ടനായി.

എതിർവാദത്തിനായി ജോൺ വക്കീൽ എണീറ്റു. അദ്ദേഹം ജഡ്ജിയെ വണങ്ങി. തന്റെ എതിർവാദം ആരംഭിച്ചു. ജോൺ വക്കീൽ ശുദ്ധമായ ഇംഗ്ലീഷിലാണ് തന്റെ എതിർവാദമുഖങ്ങൾ നിരത്തിയത്. അതും ഓക്സ്ഫഡ് ആക്സന്റിൽ. ജോൺ വക്കീലിന്റെ ശബ്ദഗാംഭീര്യവും ഇംഗ്ലീഷിലുള്ള പ്രാവീണ്യവും ജഡ്ജി വിൽഫ്രഡ് തോമസ് ഗ്രേ പ്രത്യേകം ശ്രദ്ധിച്ചു. ഇടയ്ക്ക് നോട്ടുബുക്കിൽ എന്തൊക്കെയോ കുറിക്കുന്നുമുണ്ടായിരുന്നു.

അദ്ദേഹം പ്രമാണങ്ങളുടെ കെട്ടിൽനിന്ന് ഒരു വിൽപ്പത്രമെടുത്തു വായിച്ചു. അത് ഇയ്യോ അവിരാതരകന്റെ പിതാവ് എഴുതിയ വിൽപ്പത്രമായിരുന്നു. അതിൽ തന്റെ എല്ലാ വസ്തുക്കളും പേരിൽ ചേർത്തും ആദായങ്ങളെടുത്തും അനുഭവിക്കാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നതാണ് എന്ന വാക്യം അദ്ദേഹം സ്ഫുടമായി മലയാളത്തിൽ വായിച്ചു. അതിന്റെ ഇംഗ്ലീഷ് പരിഭാഷയും ജോൺ വക്കീൽ കോടതിയെ അറിയിച്ചു. ജഡ്ജി തോമസ് ഗ്രേ കണ്ണിമയ്ക്കാതെ മുഖമുയർത്തി എല്ലാം കേട്ടിരുന്നു.

പരാതിക്കാരന്റെ അമ്മയായ അന്നാമ്മ ഇയ്യോ അവിരാത്തരകന്റെ ഇളയ സഹോദരിയാണ് എന്നും അവിരാത്തരകൻ അവരുടെ വിവാഹച്ചെലവുകൾ വഹിക്കുകയും ന്യായമായ ഓഹരി സ്വർണമായി നല്കുകയും ചെയ്തതെന്നും ജോൺ വക്കീൽ വിശദീകരിച്ചു. ആയതിനാൽ, പരാതിക്കാരൻ പൗലോയ്ക്ക് യാതൊരു അവകാശവും ലഭിക്കാൻ അർഹതയില്ലെന്ന വസ്തുത ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണെന്നും അറിയിച്ച് ജോൺ വക്കീൽ തന്റെ മറുവാദം അവസാനിപ്പിച്ചു.

എല്ലാം ശ്രദ്ധിച്ചുകേട്ട ജഡ്ജി വിൽഫ്രഡ് തോമസ് ഗ്രേ ഈ കേസിനെക്കുറിച്ചു വിശദമായി പഠിക്കാൻ ആറുമാസത്തെ സാവകാശം അനുവദിച്ചുകൊണ്ട് സെപ്റ്റംബർ 15 ലേക്കു കേസു മാറ്റിയതായി അറിയിച്ചിട്ട് അടുത്ത കേസു വിളിക്കാൻ നിർദേശം നല്കി.

ഇയ്യോബും മാത്തുത്തരകനും ജോൺ വക്കീലും ഇരിപ്പിടങ്ങളിൽനിന്ന് എണീറ്റു. പിന്നാലെ പൗലോയും വക്കീൽ ബാലകൃഷ്ണൻ നായരും.

കോടതിവളപ്പിലെ മരത്തണലിൽ ജോൺ വക്കീലും ഇയ്യോബും മാത്തുത്തരകനും സംസാരിച്ചുനില്ക്കുകയാണ്. അല്പം അകലെ മാറി വക്കീൽ ബാലകൃഷ്ണൻനായരും പൗലോയുമുണ്ട്.

പെട്ടെന്ന് പ്രകോപിതനായിത്തീർന്ന പൗലോ അക്രമാസക്തനായി മാത്തുത്തരകന്റെ നേരേ പാഞ്ഞടുത്തു.

''താൻ എന്റെ അമ്മയെ പറ്റിച്ച് സ്വത്തെല്ലാം കൈക്കലാക്കി അനുഭവിക്കയാണോടാ പന്നി. താൻ ഇതിന് അനുഭവിക്കും. എന്റെ കണ്ണീരു കർത്താവു കാണാതിരിക്കില്ല."

അയാൾ അലറിക്കൊണ്ട് ഉച്ചത്തിൽ വിളിച്ചുപറയുന്നുണ്ടായിരുന്നു. പൗലോ മാത്തുത്തരകന്റെ കഴുത്തിൽ കയറിപ്പിടിച്ചു. അപ്രതീക്ഷിതമായ ആക്രമണത്തിൽ പകച്ചുപോയ ഇയ്യോബ് ഒരു നിമിഷംകൊണ്ട് ബോധം വീണ്ടെടുത്ത് പൗലോയെ പിടിച്ചു തള്ളി. അയാൾ പിന്നോട്ടുമലച്ചു വീണു. വക്കീൽ ബാലകൃഷ്ണൻ നായർ അയാളെ പിടിച്ചെഴുന്നേല്പിച്ചു. മാത്തുത്തരകൻ സ്തബ്ധനായി നിന്നു.

(തുടരും)

# വിശുദ്ധ കുർബാനയുടെ ദിവ്യാരാധന



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഭാഗ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ മാർപാപ്പായെക്കുറിച്ച് കർദിനാൾ റോബർട്ട് സറാ രചിച്ച പുതിയ പുസ്തകത്തെക്കുറിച്ചുള്ള പഠനം.**

**പതിമ്മൂന്നാം ഭാഗം**

**2012** ജൂൺ ഏഴാം തീയതി വിശുദ്ധകുർബാനയുടെ തിരുനാൾ ദിവസം, പരിശുദ്ധപിതാവ് ബനഡിക്ട് പതിനാറാമൻ നല്കിയ വചനസന്ദേശം:

“പ്രിയ സഹോദരീസഹോദരന്മാരേ,

ഈ സായാഹ്നത്തിൽ ദിവ്യകാരുണ്യരഹസ്യത്തിന്റെ പരസ്പരബന്ധിതമായ രണ്ടു വശങ്ങളെക്കുറിച്ച് നിങ്ങളോടൊപ്പം ധ്യാനിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വി. കുർബാനയുടെ ദിവ്യാരാധനയും പരിപാവനസ്വഭാവവുമാണ് ഈ രണ്ടുവശങ്ങൾ.” ഈ വാക്കുകളോടെയാണ് ബനഡിക്ട് പിതാവ് തന്റെ പരിചിന്തനങ്ങൾ ആരംഭിക്കുന്നത്.

സമീപകാലത്തുണ്ടായ അപൂർണവും ഭാഗികവുമായ വീക്ഷണങ്ങളിൽനിന്ന് ഈ ദിവ്യരഹസ്യത്തെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പരിശുദ്ധപിതാവ് തന്റെ സന്ദേശം തുടരുന്നത്.

പരിശുദ്ധപിതാവ് ആദ്യം തന്നെ ദിവ്യകാരുണ്യാരാധനയുടെ പ്രാധാന്യം വിശദമാക്കുന്നു. ലാറ്ററൻ ബസിലിക്കയിലെ വിശുദ്ധ കുർബാനയ്ക്കുശേഷം നടത്താൻ പോകുന്ന ആരാധനയും ദിവ്യകാരുണ്യപ്രദക്ഷിണവും അതിൽ പങ്കെടുക്കുന്നവർക്കു വിശിഷ്ടമായ അനുഭവമായിരിക്കുമെന്നതു തീർച്ചയാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഏകപക്ഷീയമായ ചില വ്യാഖ്യാനങ്ങൾ ഈ ആരാധനാനുഭവം വിശുദ്ധകുർബാനയുടെ അർപ്പണസമയത്തേക്കുമാത്രമായി പരിമിതപ്പെടുത്തുന്നവിധമായിരുന്നു. അങ്ങനെ വി. കുർബാനയ്ക്കുപുറമേയുള്ള ദിവ്യകാരുണ്യാരാധന ചിലയിടങ്ങളിൽ പാടേ ഉപേക്ഷിക്കുവാനിടയായി.

തീർച്ചയായും, വിശുദ്ധബലിയർപ്പണത്തിന് കേന്ദ്രസ്ഥാനം നല്കേണ്ടതിന്റെ പ്രാധാന്യം ഏവരും അംഗീകരിക്കേണ്ടതാണ്. വിശുദ്ധകുർബാന യർപ്പണത്തിലാണ് കർത്താവ് തന്റെ ജനത്തെ ക്ഷണിച്ച് വചനത്തിന്റെയും ജീവന്റെ അപ്പത്തിന്റെയും ഇരുമേശയ്ക്കലുമായി ഒന്നിച്ചുകൂട്ടുന്നത്.

വചനത്താൽ പരിപോഷിക്കപ്പെടുന്നതും ജീവന്റെ അപ്പംവഴി കർത്താവിനോട് ഏകീഭവിക്കുന്നതും വിശുദ്ധകുർബാനയുടെ അർപ്പണത്തിലൂടെയാണ്. ഇക്കാര്യത്തിന് ഊന്നൽ നല്കുന്നതും കുർബാനയ്ക്കായി ഒത്തുചേരുന്ന ആരാധനാസമൂഹത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതും വളരെ പ്രസക്തമായ കാര്യമാണ്. എന്നാലത് ശരിയായ സന്തുലിതാവസ്ഥ പാലിച്ചുകൊണ്ടായിരിക്കണമെന്ന് ബനഡിക്ട് പാപ്പാ നിരീക്ഷിക്കുന്നു. അദ്ദേഹം പറയുന്നു: “മിക്കപ്പോഴും ഒരു വശത്തിനു പ്രാധാന്യം നല്കുമ്പോൾ മറ്റൊരു വശം അവഗണിക്കപ്പെടുന്നു. ഇവിടെ വിശുദ്ധകുർബാനയർപ്പണത്തിനു പ്രാധാന്യം നല്കിയപ്പോൾ ദിവ്യകാരുണ്യാരാധന അവഗണിക്കപ്പെട്ടു. കർത്താവിന്റെ സാന്നിധ്യം ജീവിതത്തെ മുഴുവൻ സമയവും സ്വാധീനിക്കാൻ ഇടയാകത്തക്കവിധം വിശുദ്ധകുർബാനയിലുള്ള ദിവ്യസാന്നിധ്യം തിരുസക്രാരിയിൽ തുടരുന്നു.

വിശുദ്ധ കുർബാനയർപ്പണവും ദിവ്യകാരുണ്യാരാധനയും വ്യത്യസ്തമല്ല; പരസ്പരപൂരകങ്ങളാണ്. ആരാധനയെ അർപ്പണത്തിനുള്ള ഒരുക്കമായും തുടർച്ചയായും പരിഗണിക്കേണ്ടതാണ്. ദിവ്യകാരുണ്യസന്നിധിയിലുള്ള നിശ്ശബ്ദമായ പ്രാർഥനയിൽ വിശുദ്ധകുർബാനസ്വീകരണത്തിലെ ഐക്യം തുടർന്നും അനുഭവവേദ്യമാവുകയാണ്. ദൈവസ്നേഹത്തിന്റെ ഈ കൂദാശയിലെ തിരുസാന്നിധ്യത്തിനുമുമ്പിൽ മുട്ടുകുത്തിനില്ക്കുന്ന പുരോഹിതനും ദൈവജനവും ശുശ്രൂഷാപൗരോഹിത്യവും ദൈവജനത്തിന്റെ പൊതുപൗരോഹിത്യവും ഒരേസമയം പ്രകടമാക്കുന്നുവെന്ന് ബനഡിക്ട് പിതാവ് അഭിപ്രായപ്പെടുന്നു. ലോകയുവജനസമ്മേളനങ്ങളിൽ, ദീർഘസമയം നിശ്ശബ്ദരായി ദിവ്യകാരുണ്യസന്നിധിയിൽ, ജാഗരണത്തിൽ ചെലവഴിച്ചശേഷം അർപ്പിക്കപ്പെടുന്ന വി. കുർബാന യുവജനങ്ങൾക്ക് വലിയ ആത്മീയാനുഭവമാണ്.

**ദിവ്യകാരുണ്യത്തിന്റെ പരിപാവനത**

1960 കളിലും എഴുപതുകളിലും പാശ്ചാത്യലോകത്ത് പ്രചാരത്തിൽ വന്ന ലൗകികമാത്ര ചിന്താഗതി ദിവ്യാരാധനയെയും സ്വാധീനിച്ചു. പഴയനിയമകാലത്തെ ചട്ടങ്ങളും വിലക്കുകളും കർത്താവിന്റെ മനുഷ്യാവതാരത്തോടെ അപ്രസക്തമായി എന്ന മനോഭാവം ആരാധനയുടെ പരിപാവനതയെ ദുർബലമാക്കി. യഥാർഥത്തിൽ, കർത്താവു വന്നത് ദിവ്യമായതിനെ പൂർണമാക്കുന്നതിനാണ്. ലോകത്തിലായിരിക്കുന്നിടത്തോളം കാലം മനുഷ്യന് അടയാളങ്ങളിലൂടെമാത്രമേ ദിവ്യമായതിനെ പ്രകടിപ്പിക്കാൻ സാധിക്കുകയുള്ളൂ. പ്രതീകങ്ങൾക്കും ബാഹ്യാചാരങ്ങൾക്കും പ്രബോധനപരമായ ഒരു വശമുണ്ടെന്നും ബനഡിക്ട് പിതാവ് പ്രസ്താവിക്കുന്നു. പൊതുജീവിതത്തിൽനിന്നു ദൈവികതയെ അകറ്റിനിറുത്തുന്ന പ്രവണത നഗരത്തിന്റെയും ഗ്രാമത്തിന്റെയും വീഥികളിലൂടെയുള്ള ദിവ്യകാരുണ്യപ്രദക്ഷിണം നിർത്തലാക്കാൻ പ്രേരകമായി. ഭക്ത്യാദരപൂർവം നടത്തുന്ന ഒരു ദിവ്യകാരുണ്യപ്രദക്ഷിണം വളർന്നുവരുന്ന തലമുറയ്ക്ക് സുപ്രധാനമായ പ്രബോധനമാണു പകർന്നുനല്കുന്നത്.

റോമാനഗരത്തിന്റെ വീഥിയിലൂടെ നടത്തുന്ന ദിവ്യകാരുണ്യപ്രദക്ഷിണം നഗരത്തിന്റെ ആധ്യാത്മികസമൃദ്ധി വിളിച്ചോതുന്നു. അതിന്റെ അഭാവത്തിൽ നഗരവീഥികളിൽ മറ്റു പ്രകടനങ്ങൾക്കും ജാഥകൾക്കും പ്രാധാന്യമേറിവരും. സത്യദൈവത്തിനുപകരം വിഗ്രഹങ്ങളെ ആരാധിക്കുന്ന സ്ഥിതി സംജാതമാകും.

വചനസന്ദേശത്തിന്റെ സമാപനമായി ബനഡിക്ട് പതിനാറാമൻ മാർപാപ്പാ ദിവ്യരഹസ്യങ്ങളുടെ സംക്ഷിപ്തമായ ഒരു വിശദീകരണംതന്നെ നല്കുന്നുണ്ട്:

“നമ്മുടെ പിതാവായ ദൈവം മനുഷ്യകുലത്തെ വിഗ്രഹങ്ങൾക്കു വിട്ടുകൊടുത്തില്ല. അവിടുന്ന് തന്റെ തിരുസുതനെ ലോകത്തിലേക്കയച്ചു. അതു ദൈവികവും പരിപാവനവുമായതിനെ നിരാകരിക്കാനല്ല; അതിനെ പൂർത്തിയാക്കാനാണ്. ദൈവപുത്രന്റെ ഈ ദൗത്യം അതിന്റെ പരമകാഷ്ഠയിലെത്തുന്നത് അവിടുത്തെ അന്ത്യത്താഴവേളയിലാണ്. അവിടുത്തെ പെസഹായാഗത്തിന്റെ ഓർമയ്ക്കായി കർത്താവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും കൂദാശ സ്ഥാപിച്ചു. അപ്രകാരം ചെയ്യുകവഴി പഴയനിയമത്തിലെ പെസഹാക്കുഞ്ഞാടിനു പകരമായി തന്നെത്തന്നെ ബലിയായി അർപ്പിച്ചു. ഈശോ ഇതു ചെയ്തത് പെസഹാ ആചരണത്തിന്റെ ഭാഗമായിട്ടാണ്. ഇത് എക്കാലവും തുടരാൻ ശ്ലീഹന്മാരോടു കല്പിക്കുകയും ചെയ്തു. ദൈവികതയുടെ പരിപൂർണത മിശിഹായിലാണു നിറവേറുന്നത്. ഈ വിശ്വാസത്തോടെയാണ് സഭ എല്ലാ ദിവസവും ദിവ്യരഹസ്യങ്ങൾ പരികർമം ചെയ്യുന്നതും ദിവ്യകാരുണ്യത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവും പ്രപഞ്ചത്തിന്റെ ഹൃദയവുമായി ആരാധിക്കുന്നതും.”

വിശ്വാസം ഏറ്റുപറയുമ്പോൾ ആരാധനക്രമത്തിൽ പ്രഘോഷിക്കുന്ന അർഥസമ്പുഷ്ടമായ ‘ആമ്മേൻ’ എന്ന വാക്ക് ഉച്ചരിച്ചുകൊണ്ടാണ് പരിശുദ്ധപിതാവ് തന്റെ ധ്യാനാത്മകമായ വിചിന്തനം സമാപിപ്പിക്കുന്നത്.

■





ഫാ. തോമസ് പാട്ടത്തിൽച്ചിറ CMF

11

## മൃതർ

കുടുംബവിളക്ക്

മരിച്ചവരെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. തങ്ങളുടെ കൂട്ടത്തിൽനിന്നു മരണമടഞ്ഞുപോയവരെ കുടുംബാംഗങ്ങൾ വിസ്മരിക്കരുത്. മൺമറഞ്ഞെങ്കിലും ഇന്നും അവരുടെയൊക്കെ അദൃശ്യസാന്നിധ്യം സ്മരണകളിലൂടെ കുടുംബാന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കണം. അവരുടെ അധ്വാനത്തിന്റെ ഫലങ്ങളല്ലേ നാം അനുഭവിക്കുന്നത്? നമ്മുടെ വളർച്ചയിൽ അവരും പങ്കുകാരായിരുന്നില്ലേ? മണ്ണടിഞ്ഞുപോയ അപ്പൂപ്പനും അമ്മൂമ്മയും വല്യപ്പനും വല്യമ്മയും അപ്പനും അമ്മയും കൂടപ്പിറപ്പുകളുമൊക്കെയല്ലേ നമ്മുടെ അസ്തിത്വത്തിനും അതിജീവനത്തിനും കാരണം? അവരോടുള്ള കടപ്പാടു കുഴിച്ചുമൂടാൻ പറ്റുന്നതല്ല. അവരുടെ മൃതശരീരങ്ങൾ കുഴിയിൽ മൂടപ്പെട്ടാലും അവരെപ്പറ്റിയുള്ള ഓർമകൾ എന്നാളും നമ്മുടെ കൂടെയുണ്ടാവണം. ചരമദിനങ്ങളിൽ അവർക്കുവേണ്ടി സഭ ആവശ്യപ്പെടുന്ന തിരുക്കർമങ്ങൾ അനുഷ്ഠിക്കണം.

പൂർവികരുടെ ആത്മാക്കൾക്കു ജീവിച്ചിരിക്കുന്നവരുടെ പ്രാർഥന ആവശ്യമുണ്ട്. അവരുടെ ജീവിതത്തിൽ ഭവിച്ച തെറ്റുകൾക്കും, ചെയ്യാൻ കഴിയാതെപോലെ പ്രായശ്ചിത്തങ്ങൾക്കും ജീവിച്ചിരിക്കുന്നവരാണു പരിഹാരം നിറവേറ്റേണ്ടത്. ആത്മാക്കളുടെ അനുഗ്രഹം കുടുംബത്തിനുണ്ടാകണം. നാം അവർക്കുവേണ്ടി പ്രാർഥിക്കുമ്പോൾ അവർ നമുക്കുവേണ്ടിയും പ്രാർഥിക്കുമെന്നുള്ള അവബോധം നമുക്കുണ്ടാകണം. മരിച്ചവരെ മറക്കുന്നത് കുടുംബത്തിന്റെ നാൾവഴികളിൽ അവർ ചെയ്ത നന്മകളോടുള്ള നിന്ദനമാണ്. വിസ്മൃതിയുടെ തുരുത്തിലേക്കു നാടുകടത്തപ്പെടേണ്ടവരല്ല അവരാരുംതന്നെ. മറിച്ച്, ഇപ്പോഴുള്ളതും വരാനിരിക്കുന്നതുമായ തലമുറകൾക്കു സുപരിചിതരാംവിധം എന്നും കുടുംബങ്ങളിലെ ഓർമകളിൽ ജീവിക്കേണ്ടവരാണ്. ഇന്നു നാം അവരെ ആദരവോടെ ഓർത്താലേ നാളെ നമ്മെയും ഓർക്കാൻ ആരെങ്കിലുമുണ്ടാവൂ. കുടുംബത്തിൽനിന്ന് ആരൊക്കെ എന്നൊക്കെ മരിച്ചു എന്നുപോലും മറന്നുപോകത്തക്കവിധം മരവിച്ച മനസ്സുള്ളവരാകരുത് ക്രിസ്ത്യാനികൾ.

*‘മരിച്ചവരെ ഓർക്കുക.’ (പ്രഭാ. 38:16); ‘മരിച്ചവരോടുള്ള കടമ മറക്കരുത്.’ (പ്രഭാ. 7:33).*

# നിശ്ശബ്ദതയുടെ സംഗീതം



**ജിൻസ് കാവാലി**

"ഞാനെന്റെ വല്മീകത്തിൽ
ഇത്തിരിനേരം ധ്യാനലീനനായിരുന്നത്
മൗനമായി മാറാനല്ല
മൗനത്തെ മഹാശബ്ദമാക്കുവാൻ
നിശ്ചഞ്ചലധ്യാനത്തെ
ചലനമായി ശക്തിയായുണർത്തുവാൻ"

*എന്റെ ദന്തഗോപുരത്തിലേക്ക് ഒരു ക്ഷണക്കത്ത്*
*- വയലാർ രാമവർമ*

മൗനം അത്ര നിസ്സാരമായ കാര്യമൊന്നുമല്ല. ഒരല്പനേരം മൗനമായിരിക്കാൻ കഴിഞ്ഞാൽ നിങ്ങളുടെ ഹൃദയത്തിനു കൂടുതൽ തെളിച്ചമുണ്ടാകും. അതുകൊണ്ടാണ് ആചാര്യന്മാർ പറയുന്നത്, നിശ്ശബ്ദത നിങ്ങളെ കൂടുതൽ നല്ല മനുഷ്യരാക്കുമെന്ന്. മൗനം നിങ്ങളെ ഉള്ളിലേക്കു ക്ഷണിക്കുന്നു. നിങ്ങളിലുള്ള നിങ്ങളെ കാണാൻ നിർബന്ധിക്കുന്നു. ഈ ഓട്ടപ്പാച്ചിലിനിടയിൽ ജീവിതത്തിന്റെ സർഗാത്മകത നഷ്ടമാകാതിരിക്കണമെങ്കിൽ ചില മൗനയാമങ്ങൾ കൂടിയേ തീരൂ.

മൗനമാണ് നമ്മിലെ ക്ഷമയെ വളർത്തുന്നത്. ചിലവേള ഒന്നു ക്ഷമിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, ചിലരോടൊക്കെ മൗനംകൊണ്ടു മറുപടി പറയാൻ കഴിഞ്ഞിരുന്നെങ്കിൽ കുറേക്കൂടി സുന്ദരമായേനെ ഇന്നലെയോർമകൾ. ആ പഴഞ്ചൊല്ലിൽ പതിരൊട്ടുമില്ല. വാവിട്ട വാക്കും കൈവിട്ട ആയുധവും ഒരുപാടു ദുരന്തങ്ങൾ വരുത്തിവയ്ക്കും. കടലിലേക്കൊരു കല്ലെടുത്തെറിയാനേ നമുക്കു കഴിയൂ. അതെത്ര ആഴത്തിലേക്കു പോകുന്നുവെന്നു നിശ്ചയിക്കാനാവില്ല. അതുപോലെതന്നെയാണ് വാക്കും. ഒരൊറ്റവാക്കുമതി, മുറിവേല്പിക്കാനും മുറിവുണക്കാനും.

മൗനം നമ്മുടെ അജ്ഞതകളെ നമുക്കു വെളിപ്പെടുത്തിത്തരും. അറിഞ്ഞതിലുമേറെയാണ് അറിയാത്തത്



എന്നു നാം മനസ്സിലാക്കുന്നത് മൗനത്തിൽനിന്നാണ്. മൗനം നമ്മുടെ ഹൃദയത്തിലെ അഹന്തയുടെ വേരുകളെ പിഴുതെറിയും. മനസ്സിനെ സംസ്കരിക്കുന്നതു ശരീരത്തിനു ഭക്ഷണം നൽകുന്നതുപോലെതന്നെ പ്രധാനമാണെന്നു സിസറോ എഴുതുന്നുണ്ട്. ഈ മനഃസംസ്കരണത്തിനു മൗനമെന്ന വിദ്യ നാം പഠിച്ചേ മതിയാവൂ.

മൗനത്തിൽനിന്നാണു മഹത്തായ ചിന്തകളും ആശയങ്ങളുമൊക്കെ രൂപമെടുക്കുക. നീണ്ട മൗനത്തിന്റെ പേരിൽ ബാല്യത്തിൽ മനോരോഗചികിത്സയ്ക്കു വിധേയനായിട്ടുള്ള വ്യക്തിയാണ് ബിൽ ഗേറ്റ്സ്. രണ്ടുവർഷത്തോളം മരുന്നു കഴിച്ചിട്ടും അദ്ദേഹത്തിന്റെ രോഗം മാറിയില്ല. ഒടുവിൽ ഡോക്ടർമാർ വിധിയെഴുതി; 'ഈ രോഗം മാറില്ല.' മൗനം മനോരോഗമാകുന്ന ലോകത്ത് നിശ്ശബ്ദതയുടെ സംഗീതം ആസ്വദിക്കുക അത്ര എളുപ്പമൊന്നുമല്ല. എങ്കിലും, നിറവോടെ ജീവിക്കാൻ മൗനത്തിന്റെ ഒരു ചരണമെങ്കിലും പാടേണ്ടതുണ്ട്.

നിശ്ശബ്ദതയാണ് സർഗാത്മകതയുടെ കളിത്തൊട്ടിൽ. കാമ്പുള്ള രചനകളുണ്ടാവുന്നതും കാലാതിവർത്തിയായ കലാസൃഷ്ടികൾ ജന്മമെടുക്കുന്നതും മൗനത്തിന്റെ മടിത്തട്ടിൽനിന്നാണ്. ഹെൻറി ഡേവിഡ് തോറോയുടെ വാൾഡൻ അഥവാ കാനനജീവിതം വായിക്കുക. കാനനത്തിന്റെ പ്രശാന്തതയിൽനിന്ന്, നിശ്ശബ്ദതയുടെ സംഗീതത്തിൽനിന്ന് ഉരുത്തിരിഞ്ഞ ആ ഗ്രന്ഥം ഗാന്ധിജിയുൾപ്പെടെ ഒട്ടേറെ മഹാവ്യക്തികൾക്കു വെളിച്ചമായിട്ടുണ്ട്. റൂമിയുടെ കവിതകൾ എന്തുകൊണ്ടാണ് അനശ്വരമായിരിക്കുന്നത്? ആ ഗീതികൾ ധ്യാനമൗനത്തിന്റെ പൊൻകിരണങ്ങളാൽ പ്രശോഭിക്കുന്നതുതന്നെ കാരണം.

പ്രണയികളെ നോക്കൂ, എത്ര നേരമാണ് ഒരു വാക്കുപോലും ഉരിയാടാതെ അവർ മിഴികളിൽ പരസ്പരം ലയിച്ചിരിക്കുന്നത്! അഗാധസ്നേഹത്തിൽ വാക്കിലുമേറെയുണ്ടാവും മൗനത്തിനു പറയാൻ. യഹൂദ അമിച്ചായുടെ മൗനസുന്ദമായൊരു കവിതയുണ്ട്: പ്രണയത്തിൽനിന്നകന്നുപോകുമ്പോൾ/ നാം വാക്കുകളുടെ എണ്ണം കൂട്ടുന്നു./ നമ്മുടെ വാചകങ്ങൾ/ ദീർഘവും സുഘടിതവുമാകുന്നു./ നമുക്കൊരൊറ്റ മൗനമാകാനായേനെ/ നാമിന്നും ഒരുമിച്ചായിരുന്നെങ്കിൽ...

ഹൃദയങ്ങൾ ഒരുമിച്ചെങ്കിൽ മിണ്ടാൻ ഏറെ വാക്കുകളൊന്നും വേണ്ട. ഹൃദയത്തിൽ സ്നേഹമില്ലെങ്കിൽ എത്ര വാക്കുകൊണ്ടും പ്രയോജനവുമില്ല. മൗനം നമ്മെ കുറേക്കൂടി നല്ല മനുഷ്യരാക്കിത്തീർക്കട്ടെ. ■

# നാടിന്റെ വിശപ്പകറ്റിയ വിശ്വപൗരൻ



*3-ാം പേജ് തുടർച്ച*

എന്നാൽ, ഇത്തരം വിമർശനങ്ങളെയും മാറ്റങ്ങളെയും അവഗണിക്കാതെ അവയെക്കുറിച്ചു സത്യസന്ധമായി പഠിക്കാനും പ്രതിവിധികൾ ആലോചിച്ചു നടപ്പാക്കാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചുവെന്നിടത്താണ് സ്വാമിനാഥന്റെ പ്രോജ്ജ്വലമായ വ്യക്തിത്വം നമുക്കുചുറ്റും സുഗന്ധം പരത്തുന്നത്. ഹരിതവിപ്ലവമല്ല, ഓർഗാനിക് ഫാമിങ്ങിലൂടെയുള്ള നിത്യഹരിതവിപ്ലവമാണ് നാടിനാവശ്യമെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ സ്വാമിനാഥൻ മടികാണിച്ചില്ല. കാലഘട്ടത്തിനനുസരിച്ച് താൻ ആർജ്ജിച്ചെടുത്ത ശാസ്ത്രീയമായ അറിവും സാങ്കേതികവിദ്യയും ജനസമൂഹത്തിന്റെ പ്രത്യേകിച്ച്, സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളുടെ സാംസ്കാരിക, സാമ്പത്തികോന്നമനത്തിനുവേണ്ടി ഉപയോഗിക്കാനുള്ള കാര്യപ്രാപ്തിയും ആർജവവും കാണിച്ചുവെന്നതാണ് മറ്റു ശാസ്ത്രജ്ഞന്മാരിൽനിന്നു സ്വാമിനാഥനെ വ്യത്യസ്തനാക്കുന്നത്. കാലാവസ്ഥാവ്യതിയാനത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ അദ്ദേഹം ദീർഘവീക്ഷണത്തോടെ മുന്നോട്ടുവച്ച മാർഗങ്ങൾ ശാസ്ത്രലോകം ചർച്ചചെയ്യുകയും സ്വീകരിക്കുകയും ചെയ്യുന്നുവെന്നത് ശുഭോദർക്കമായ കാര്യമാണ്. വളരെ വർഷങ്ങൾക്കുമുമ്പുതന്നെ അദ്ദേഹം നടത്തിയ 'കാലാവസ്ഥാ അഭയാർഥികളെ'ന്ന പദപ്രയോഗവും പ്രവചനവും ഇന്നു നേരനുഭവമായി എന്നതു ചരിത്രം. 'ന്യൂട്രി മില്ലറ്റ്' എന്ന പുതിയ പദപ്രയോഗത്തിലൂടെ അദ്ദേഹം മുന്നോട്ടുവയ്ക്കുന്ന കാലാവസ്ഥാവ്യതിയാന പ്രതിരോധമാർഗങ്ങളിലൊന്ന് റാഗി, ചാമ, തിന തുടങ്ങിയ ചെറുധാന്യങ്ങളുടെ ഉത്പാദനവും വിതരണവും പ്രസക്തിയുമാണ്.

സൈലന്റ്‌വാലിയിലെ കുന്തിപ്പുഴയ്ക്കു കുറുകെയുള്ള ഡാമിന്റെ നിർമാണപ്രവർത്തനങ്ങൾ ഉപേക്ഷിക്കാൻ ഇന്ദിരാഗാന്ധി തയ്യാറായതിനുപിന്നിലെ പ്രധാന പ്രേരകശക്തി സ്വാമിനാഥനായിരുന്നു. മാത്രമല്ല, സൈലന്റ് വാലി ഒരു ദേശീയോദ്യാനമായും നീലഗിരി ഒരു ജൈവമണ്ഡല(Biosphere Reserve)മായും പ്രഖ്യാപിച്ചതിന്റെ പിന്നിലെ ബുദ്ധികേന്ദ്രവും സ്വാമിനാഥൻതന്നെയായിരുന്നു. ആറു വകുപ്പുകൾമാത്രമുണ്ടായിരുന്ന ഐ.എ.ആർ.ഐ. ഇരുപത്തിമൂന്നു വിവിധ വകുപ്പുകളുള്ള ഒരു ഉന്നതസ്ഥാപനമായി ഉയർന്നതും സ്വാമിനാഥന്റെ കാലത്താണ്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, നബാർഡ്, വനം പരിസ്ഥിതി വകുപ്പ് തുടങ്ങിയവയുടെ ആരംഭത്തിനു പ്രേരകശക്തിയായതു സ്വാമിനാഥനായിരുന്നു.

**എം.എസ്.എസ്.ആർ.എഫ്.**

അദ്ദേഹത്തിന്റെ നാമധേയത്തിലുള്ള എം.എസ്. സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷൻ എന്ന സ്ഥാപനം ഈ കാലഘട്ടത്തിൽ നിരവധി പാരിസ്ഥിതിക, ജൈവസംരക്ഷണ, സുസ്ഥിരവികസനപ്രവർത്തനങ്ങളോടൊപ്പം കർഷകരുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള നിരവധി പാക്കേജുകൾ നടപ്പിൽ വരുത്തുന്നതിനു സഹായകമാവുകയും ചെയ്തിട്ടുണ്ട്. അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ പുതിയ നാമധേയം അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് ഫോർ ഫാർമേഴ്സ് വെൽഫെയർ എന്നാക്കിയത് സ്വാമിനാഥന്റെ നിർദേശപ്രകാരമാണ്. മാത്രമല്ല, കർഷകസൗഹൃദമായ നിരവധി പ്രോജക്ടുകളും ഇതിൽ വിഭാവനം ചെയ്തിട്ടുണ്ട്. സ്ത്രീകർഷകരുടെ ഉന്നമനത്തിനുവേണ്ടിയുള്ള മഹിളാ കിസാൻ ശക്തീകരണ പ്രയോജൻ (എം.കെ.എസ്.പി) എന്ന ഗ്രാമവികസനപദ്ധതിയുടെയും പ്രേരകശക്തി സ്വാമിനാഥനാണ്.

Every farmer a scientist; Every child a scientist - ഓരോ കർഷകനും ഓരോ വിദ്യാർഥിയും ശാസ്ത്രജ്ഞനാണ് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് ആദിവാസിഗോത്രങ്ങളിലെ കുഞ്ഞുങ്ങൾക്കും കർഷകർക്കും അറിവിന്റെ, സ്വയംപര്യാപ്തതയുടെ മഹാവാതായനങ്ങൾ തുറന്നിട്ടുകൊടുത്തുകൊണ്ടാണ് ഇക്കഴിഞ്ഞ സെപ്റ്റംബർ 28 ന് സ്വാമിനാഥൻ ലോകത്തോടു വിടപറഞ്ഞത്.

വിവിധ രാജ്യങ്ങളിൽനിന്ന് അദ്ദേഹത്തിന് ആദരവായി ലഭിച്ച എൺപത്തിനാലോളം ഓണററി ഡോക്ടറേറ്റുകൾ അദ്ദേഹത്തിന്റെ നിസ്തുലസേവനത്തിനുള്ള അംഗീകാരമായി മാറി. ശാന്തിസ്വരൂപ് ഭട്നഗർ അവാർഡ്, പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ, മാഗ്സസെ തുടങ്ങിയ ഒട്ടനവധി അവാർഡുകൾ നല്കി രാജ്യം അദ്ദേഹത്തെ ആദരിച്ചു. ഭാര്യ മീന സുബ്രഹ്മണ്യന്റെയും മക്കൾ സൗമ്യ, നിത്യ, മധുര എന്നിവരുടെയും നിരന്തരമായ പിന്തുണ തന്റെ ഔദ്യോഗികജീവിതത്തിനു പ്രോത്സാഹനമായിരുന്നുവെന്ന് സ്വാമിനാഥൻ പലപ്പോഴും അഭിപ്രായപ്പെട്ടിട്ടുണ്ട്.

തന്റെ തറവാടിന്റെ ചുറ്റുമുള്ള, ഒരിക്കൽ നെല്ലിന്റെ കലവറയായിരുന്ന, കുട്ടനാടിനെ സംരക്ഷിക്കാനുള്ള 1840 കോടിയുടെ വിശദമായ കുട്ടനാട് പാക്കേജ് സമർപ്പിച്ചിട്ട് അതു ഫലപ്രാപ്തിയിലെത്തിയില്ലെന്ന ഖേദത്തോടെ സ്വാമിനാഥൻ നമ്മോടും ഈ ലോകത്തോടും വിടപറയുമ്പോൾ അദ്ദേഹം വിഭാവനം ചെയ്ത കുട്ടനാട്, ഇടുക്കി പാക്കേജുകൾ താമസംകൂടാതെ നടപ്പിലാക്കാനുള്ള ധീരമായ ചുവടുവയ്പാണ് ഭരണകൂടത്തിന് ഈ മഹാത്മാവിനു നൽകാനുള്ള അന്ത്യാഞ്ജലി! ■

കവിത / **കാഞ്ചിയാർ മോഹനൻ**

## സ്മൃതി

പ്രകൃതി തന്നൊരു വരദാനം
മഴയും മഞ്ഞും വെയിലും
പ്രകൃതി തന്നൊരു സ്വരരാഗം
കാറ്റും കടലും പുഴയും
    പുഴയില്ലിന്നു പുഴക്കടവില്ല
    മണലുകൾ കുത്തിപ്പോയി
    മഴയില്ലിന്നു മരത്തണലില്ല
    മഴുവിൻ പല്ലുകൾമാത്രം
പുഞ്ചപ്പാടമതില്ല പുതുക്കാൻ
ചേറിൻ ചെളിമണമില്ല
ആറ്റുപുറമ്പോക്കാകെ കെട്ടി
കോൺക്രീറ്റിട്ടു നിരത്തി.
    നൂൽമഴയില്ല നുരഞ്ഞുപുതയ്ക്കാൻ
    പുഴയുടെ താളമതില്ല
    പൂത്തുതളിർക്കാൻ പൂമരമില്ല
    പൂവുകൾ ചെടികളിലില്ല
പൂമ്പാറ്റകളും പൂത്തുമ്പികളും
പുതുപൂങ്കാറ്റുമതില്ല.
പുതുമഴയില്ല പുലർകാലത്തിൽ
കിളിയുടെ പാട്ടുകളില്ല
    താളംതല്ലും നീർച്ചോലകളുടെ
    തട്ടും താളവുമില്ല
    കാട്ടുചെടിക്കിതുവേരിൽ
    പടരാൻ ജലമോ തുള്ളിയതില്ല.
മർമ്മരമില്ല മലങ്കാറ്റില്ല
മലയുടെ ചൂളമതില്ല
മണ്ണിൻ നാവുനനയ്ക്കാനിത്തിരി
വെള്ളം ഭൂമിയിലില്ല.
    കാട്ടുകിഴങ്ങുകളില്ലാ കാട്ടിൽ
    കാട്ടുമൃഗങ്ങളുമില്ല
    ഇങ്ങനെപോയാൽ ഭൂമിയുമില്ല
    ജീവനുമില്ലിതു സത്യം.

ASTORIA ANNAPOORNA
ETTUMANOOR | PALA

തിരുനാൾ ആശംസകൾ

# ASTORIA RESTAURANT

BABY COMPLEX, NEW BYPASS ROAD, NEAR MARIAN MEDICAL CENTRE
Arunapuram - PALA

WORKING TIME
MONDAY to SUNDAY
11.00 AM - 11.00 PM

FOR BOOKING / PARCEL - PH: 7902512121

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ



## തുണ്ടത്തിൽ സ്റ്റോഴ്സ് മാർക്കറ്റ് ജംഗ്ഷൻ, രാമപുരം

Ph. : 9744662670, 9747308752
ഹാർഡ്‌വെയർ ഐറ്റംസ്, പെയിന്റ്, മെഷീൻ ടൂൾസ്, ഫോംമെത്തകൾ, ഫ്ളോർമാറ്റുകൾ, പടുതകൾ etc...
ASIAN, DULUX കമ്പനികളുടെ അംഗീകൃതവ്യാപാരി

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ!



## വാണിയപ്പുര ദന്താശുപത്രി

പള്ളിക്കവല – രാമപുരം Ph: (Clinic): 04822- 261477, Mob: 9496882477

Dr. Bobby Maveli B.D.S, M.D.S. (Orthodontist), ഡോ. ജസ്വിൻ ബേബി M.D.S. (Endodontist), ഡോ. മനോജ് മാനുവൽ B.D.S. (Dental Surgeon), ഡോ. ലിൻഡ മനോജ് B.D.S. (DentalSurgeon), ഡോ. കിഷോർ ജോർജ് M.D.S. (Oral Surgeon), ഡോ. താരാ മരിയ ജോസഫ് M.D.S. (Implantologist), ഡോ. ആതിര ദേവൻ B.D.S. (Dental Surgeon)

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ
നാലു പതിറ്റാണ്ടു കാലത്തെ വിശ്വസ്ത സേവനപാരമ്പര്യം!

Foam Settee, Cushions, Divan Coat, Bed, Pillow, Curtain Work, Vinyl Flooring, Roller-Vertical-Vinitial-Zebra, P.V.C., Blinds, Wood, Synthetic-Decorative Photo Framing, Photo Lamination, Ready made curtains etc...
Branded Curtain, Blinds & Photo Frame

## ജോൺസൺ ഫർണീഷിംഗ്

ആലനോലി ബിൽഡിംഗ്സ്, രാമപുരം
Mob: 9447803477 Prop: സോബി ആലനോലിക്കൽ
കർട്ടൻ, സെറ്റികൾ, കുഷ്യനുകൾ എന്നിവ വീടുകളിൽവന്ന് അളവ് എടുത്ത് തയ്ച്ച് ഫിറ്റ് ചെയ്തുകൊടുക്കുന്നു.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ



Mother Superior & Community

## CONGREGATION OF JESUS (C.J. SISTERS)

Mary Ward Convent, Pizhaku. Phone:04822-260763

Principal, Staff & Students
Nirmala Public School, Pizhaku PH: 04822-263232

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ!



MOTHER SUPERIOR & COMMUNITY

## ST. AUGUSTINE'S SECULAR INSTITUTE & HOSTEL (M.I.S.I.)

RAMAPURAM. PH: 04822-263305

Deepanalam Weekly

RNI No : 16998/68
Vol. 56 No. 31 Date of Publication 5 Oct 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



# രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളിയിൽ

# വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ

## 2023 ഒക്ടോബർ 7 ശനിയാഴ്ച മുതൽ 16 തിങ്കളാഴ്ച വരെ

## പ്രധാന തിരുനാൾ 2023 ഒക്ടോബർ 16 തിങ്കളാഴ്ച



**2023 ഒക്ടോബർ 07 ശനി**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഡോ. ജോർജ് ഞാറക്കുന്നേൽ
4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ

**2023 ഒക്ടോബർ 08 ഞായർ**

7.50 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഡോ. ജോസഫ് കണിയോടിക്കൽ

**2023 ഒക്ടോബർ 09 തിങ്കൾ**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഡോ. സെബാസ്റ്റ്യൻ നടുത്തടം

**2023 ഒക്ടോബർ 10 ചൊവ്വ**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഡോ. ജോസ് മുത്തനാട്ട്

**2023 ഒക്ടോബർ 11 ബുധൻ**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
4.00 p.m. കൊടിയേറ്റ്
4.15 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
രാമപുരം ഇടവകാംഗങ്ങളായ വൈദികർ

**2023 ഒക്ടോബർ 12 വ്യാഴം**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ

**2023 ഒക്ടോബർ 13 വെള്ളി**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
2.30 p.m. കർഷകദിനാചരണം, കർഷകസമ്മേളനം, കാർഷികോത്പന്ന സമർപ്പണം, കൃഷിയിടങ്ങൾക്കായി വാഴ്ത്തപ്പെട്ട കുഞ്ഞച്ചനോട് മധ്യസ്ഥപ്രാർത്ഥന.
(എ.കെ.സി.സി., കർഷകവേദി, ഇൻഫാം, പിതൃവേദി, എസ്.എം.വൈ.എം എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ)
4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മാർ ജോസ് പുളിക്കൽ

**2023 ഒക്ടോബർ 14 ശനി** ദൈവവിളിപ്രാർത്ഥനാദിനം

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മാർ ജോർജ് പുന്നക്കോട്ടിൽ
6.00 p.m. ജപമാലപ്രദക്ഷിണം, പ്രദക്ഷിണം, പുറത്തുനമസ്കാരം

**2023 ഒക്ടോബർ 15 ഞായർ**

7.50 a.m. ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മാർ ജോസഫ് പള്ളിക്കാപറമ്പിൽ
11.30 am വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
ആർച്ചുപ്രീസ്റ്റ് വെരി റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ
4.00 pm വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്

**2023 ഒക്ടോബർ 16 തിങ്കൾ** പ്രധാന തിരുനാൾ

6.00 a.m. ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
7.15 a.m. ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
9.00 a.m. നേർച്ച വെഞ്ചരിപ്പ്
10.00 a.m. ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം
മാർ ജോസഫ് കല്ലറങ്ങാട്ട്
12.00 noon പ്രദക്ഷിണം
02.00 pm പാലാ രൂപത വിൻസെന്റ് ഡി പോൾ സൊസൈറ്റി പദയാത്രയ്ക്കു സ്വീകരണം
2.30 p.m. ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോസ് വടക്കേക്കുറ്റ്
4.30 p.m. ആഘോഷമായ വി. കുർബാന
റവ. ഫാ. മാത്യു വെണ്ണായിപ്പിള്ളിൽ

പള്ളിയോഗത്തിൽനിന്ന്: റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (വികാരി), റവ. ഫാ. ജോസഫ് വെള്ളക്കാട്ടിൽ (സീനിയർ അസിസ്റ്റന്റ്), റവ. ഫാ. ജോസഫ് മണർകാട്ട്, റവ. ഫാ. ആന്റണി വാഴക്കാലായിൽ (അസി. വികാരിമാർ), റവ. ഫാ. ജോർജ് പറമ്പിത്തടത്തിൽ (ഹെഡ്മാസ്റ്റർ), ജിസ് വാഴക്കാലയിൽ, അലൻ കിഴക്കേക്കുന്നേൽ, ജോസഫ് വണ്ടനാനിക്കൽ, ജോബി ഏളിക്കൽ (കൈക്കാരന്മാർ).

എല്ലാ ശനിയാഴ്ചകളിലും 9.00 am നും 4.00 pm നും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പള്ളിയിൽ വി. കുർബാനയും നൊവേനയും ലദീഞ്ഞും നടത്തപ്പെടുന്നു.

തിരുനാളിനൊരുക്കമായുള്ള തിരുക്കർമ്മങ്ങൾ ഒക്ടോബർ 7 ശനിയാഴ്ച ആരംഭിക്കുന്നു.

തിരുനാൾ ദിവസങ്ങളിൽ രാവിലെ 9.00 നും ഉച്ചകഴിഞ്ഞ് 4.00 നും വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചനോടുള്ള ഭക്തിനേർച്ചയായി വിട് എഴുന്നള്ളിക്കുന്നതിനും അടിമ വയ്ക്കുന്നതിനും സൗകര്യമുണ്ടായിരിക്കും.

പ്രധാന തിരുനാൾ ദിവസമായ ഒക്ടോബർ 16 – ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണി മുതൽ നേർച്ചഭക്ഷണം വിതരണം ചെയ്യുന്നതായിരിക്കും.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ മാധ്യസ്ഥ്യം വഴി ലഭിക്കുന്ന അനുഗ്രഹങ്ങൾ വിശദമായി എഴുതി ഓഫീസിൽ അറിയിക്കണമെന്നു താത്പര്യപ്പെടുന്നു.

Vice Postulator, Cause of Blessed Kunjachan
St. Augustine's Forane Church, Ramapuram
Ramapuram Bazar P.O. - 686 576
Mob: 9446 204 240, 8590750312, 8590184402 730 648 4040
www.blessed kunjachan.com
Email: blessedkunjachan@gmail.com
Facebook: thevarparampilkunjachan

# MAR AUGUSTHINOSE COLLEGE

## Ramapuram Bazar P.O. Pala, Kottayam, Kerala - 686 576

Estd. 1995

Affiliated to M G University Kottayam U.G.C. Recognized [2(f)] ISO 9001:2015 Certified NSDC Training Centre ID:130581

Ph: 04822-261440, 8281257911, 9447414876 www.maraugusthinosecollege.org Email: principal@mac.edu.in




**UG PROGRAMMES**

- BBA (2 Batches)
- BCA (2 Batches)
- B.Sc. Electronics
- B.Sc. Biotechnology
- B.Com Model-I (Co-operation - 2 Batches)
- B.Com Model-I (Finance & Taxation)
- B.A. English Literature & Communication Studies

**PG PROGRAMMES**

- M.Sc Computer Science
- M.Sc Electronics
- M.Sc. Biotechnology
- MSW (Medical and Psychiatry & Community Development)
- MA HRM (Human Resource Management)
- M.Com Finance & Taxation
- M.A. English

16 Value added Courses | 4 P.G. Diploma Programmes | Add on Programmes | Red Hat Acaddemy | IIC IEDC & UBA Partners | Modern Gym

**HOSTEL FACILITIES FOR BOYS & GIRLS**

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai. Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org